# തദ്ദേശസ്വയംഭരണവകുപ്പ്

## ജനകീയാസൂത്രണം

## വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനങ്ങൾ

1998-99

# ജനകീയാസൂത്രണപ്രസ്ഥാനം

**24.3.98 ഉച്ചയ്ക്ക് 2 മണിക്ക് ബഹു: തദ്ദേശഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മറ്റി യോഗ തീരുമാനങ്ങൾ**

1. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും, മോണിറ്റർ ചെയ്യുന്നതിനും ഉള്ള ചിട്ടകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഡോ. തോമസ് ഐസക് ചർച്ചക്കായി അവതരിപ്പിച്ചു. നിർദ്ദേശിക്കപ്പെട്ട സംവിധാനത്തെക്കുറിച്ചുള്ള അംഗങ്ങളുടെ അഭിപ്രായങ്ങൾ എഴുതി കൊടുക്കേണ്ടതാണ്.

2. നിർവ്വഹണപുരോഗതി വിലയിരുത്തുന്നതിന് ബഹു: തദ്ദേശ ഭരണ വകുപ്പ് മന്ത്രി പങ്കെടുക്കുന്ന ജില്ലാതല റിവ്യൂ യോഗങ്ങൾ ഏപ്രിൽ മൂന്നാംവാരം നടത്തണം.

3. പദ്ധതി നിർവ്വഹണത്തെക്കുറിച്ച് ലഭിക്കുന്ന പരാതികൾ അന്വേഷിക്കുന്നതിനുള്ള കമ്മിറ്റി എത്രയും വേഗം രൂപവൽക്കരിക്കണം.

4. രണ്ടാംവർഷ പദ്ധതി രൂപവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കർമ്മസമിതിയംഗങ്ങൾക്കായി നടത്തുന്ന പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ ഡോ. തോമസ് ഐസക് അവതരിപ്പിച്ചത് അംഗീകരിച്ചു.

5. കർമ്മസമിതികൾ രൂപീകരിക്കുമ്പോൾ തെരഞ്ഞെടുക്കപ്പെട്ട 20-25 പഞ്ചായത്തുകളിൽ പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക കർമ്മസമിതികൾ രൂപീകരിക്കണം.

6. മൂന്നും നാലും ഗഡു പദ്ധതി വിഹിത വിതരണം:- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പി.ഡി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

7. 25 ലക്ഷം രൂപയിൽ താഴെ പദ്ധതി വിഹിതം ലഭിച്ച പഞ്ചായത്തുകൾക്കുള്ള ബാക്കി തുകകൂടി അനുവദിക്കുന്ന മുറയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

8. എട്ട് മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളുടെ നിർമ്മാണം സംബന്ധിച്ച്: - ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും നിലവിൽ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള റോഡുകൾ 8 മീറ്ററിൽ കുറവുള്ളവയാണെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടരാവുന്നതാണ്. പുതുതായി ഏറ്റെടുക്കുന്ന റോഡ് പ്രവൃത്തികൾക്ക് നിലവിലുള്ള നിയമത്തിൽ ഇളവ് ആവശ്യമെങ്കിൽ DLEC യുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കണം. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഈ ആനുകൂല്യം ബാധകമല്ല.

9. മുൻ നിശ്ചയപ്രകാരം KWA നടത്തേണ്ടിയിരുന്ന ജില്ലാതല യോഗങ്ങൾ നടന്നിട്ടില്ല. അതിനാൽ KWA യുടെ ജില്ലാതല ഉദ്യോഗസ്ഥരുടെ ഒരു ഏകദിന കോൺഫറൻസ് വിളിച്ചുചേർത്ത് നിർദ്ദിഷ്ട പരിപാടി വിശദീകരിക്കുകയും ജില്ലാതല യോഗങ്ങളുടെ തീയതി നിശ്ചയിക്കുകയും വേണം.

10. നിലവിലുള്ള പ്രാദേശിക നിരക്കുകൾക്ക് മാർച്ച് 31 വരെ മാത്രമേ പ്രാബല്യമുള്ളു. അത് ജൂൺ 30 വരെ ദീർഘിപ്പിച്ചു നൽകണം. അതോടൊപ്പം അടുത്ത വർഷത്തേക്കുള്ള പ്രാദേശിക നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

11. പദ്ധതി നിർവ്വഹണം - അഴിമതിക്കെതിരെ ജാഗ്രത - പത്രപ്പരസ്യം ഉടനേ നൽകണം - ഇംഗ്ലീഷ് പത്രങ്ങളിൽ ഇംഗ്ലീഷ് പരസ്യം നൽകണം. -

*യോഗത്തിൽ പങ്കെടുത്തവർ*

1. സർവ്വശ്രീ.പാലൊളി മുഹമ്മദ്കുട്ടി (തദ്ദേശഭരണവകുപ്പ് മന്ത്രി)
2. ഡോ.ടി.എം.തോമസ് ഐസക് (ആസൂത്രണ ബോർഡ് അംഗം)
3. കെ.എൻ.കുറുപ്പ് (സെക്രട്ടറി, ആസൂത്രണ ബോർഡ്)
4. എസ്.എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)
5. പി. കമാൽകുട്ടി (പഞ്ചായത്ത് ഡയറക്ടർ)
6. എസ്.പരമേശ്വരൻ നായർ (മുനിസിപ്പൽ ഡയറക്ടർ)
7. എച്ച്.കെ.പിഷാരടി (തദ്ദേശഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
8. പി.ജി.ശശികുമാർ (തദ്ദേശ ഭരണവകുപ്പ് മന്ത്രിയുടെ പി.എ.)
9. പി.എം.വി.പണിക്കർ (തദ്ദേശ ഭരണവകുപ്പ് മന്ത്രിയുടെ അഡീഷണൽ സെക്രട്ടറി)
10. എം.വിജയകുമാരൻ നായർ (തദ്ദേശഭരണവകുപ്പ് മന്ത്രിയുടെ അഡീഷണൽ പി.എ.)
11. എൻ.ജഗജീവൻ (ക്യാമ്പയിൻ സെൽ)
12. വി.ജി.മനമോഹൻ (ക്യാമ്പയിൻ സെൽ)

# ജനകീയാസൂത്രണപ്രസ്ഥാനം

*(22.10.98 രാവിലെ 8.30 ന് തദ്ദേശഭരണ വകുപ്പ് മന്ത്രിയുടെ വസതിയിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനങ്ങൾ )*

1. പദ്ധതി രേഖ ചർച്ചചെയ്യുന്നതിനായുള്ള ഗ്രാമസഭകൾ ചേരാത്ത ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി രേഖകൾക്ക് ഡി.പി.സി കൾ അംഗീകരികാരം നൽകുന്നത്, പ്രസ്തുത ഗ്രാമസഭകൾ ചേരാൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് തദ്ദേശഭരണവകുപ്പ് സെക്രട്ടറി നടത്തുന്ന അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലായിരിക്കും എന്ന വ്യവസ്ഥയിലാവണം. ഗ്രാമസഭ ചേരാത്ത വാർഡുകളിലെ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകൾ ഗ്രാമസഭ ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തശേഷമേ നടപ്പാക്കാൻ പാടുള്ളു. ഇതുസംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കണം.

   *നടപടി : തദ്ദേശഭരണ വകുപ്പ് /ആസൂത്രണ ബോർഡ്*

2. തനത് ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവർത്തികൾ പദ്ധതിരേഖയിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ചില പഞ്ചായത്തുകൾ ഇപ്രകാരം ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഇനി മുതൽ പഞ്ചായത്തുകൾ നടപ്പാക്കുന്ന എല്ലാ പ്രവർത്തികൾക്കും സാങ്കേതികാനുമതി വിദഗ്ദ്ധ സമിതികൾ വഴി മാത്രമായിരിക്കും നൽകുക. ബന്ധപ്പെട്ട വകുപ്പുകൾ വഴി സാങ്കേതികാനുമതി നൽകുന്ന രീതി തുടരേണ്ടതില്ല. ഇക്കാര്യം വ്യക്തമാക്കുന്ന ഉത്തരവ് പുറപ്പെടുവിക്കണം.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

3. 20.8.98 ലെ 175/98/LADനമ്പർ ഉത്തരവു പ്രകാരം കാർഷിക പദ്ധതികൾക്കുള്ള ആനുകൂല്യം നൽകുന്നതിനുള്ള വാർഷിക കുടുംബ വരുമാനപരിധി 50,000/- രൂപയായി നിശ്ചയിച്ചിരുന്നു. കുടുംബ വരുമാനം എന്നത് കാർഷിക വരുമാനമായി മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണം.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

4. 30.6.98 ന് ശേഷം പദ്ധതി പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തുന്നതിനായി മറ്റാവശ്യങ്ങൾക്കായി മാറ്റിവച്ചിരുന്ന തനത് ഫണ്ട് ഉപയോഗിച്ച പഞ്ചായത്തുകൾക്ക് 98-99 ലെ പദ്ധതി വിഹിതം ലഭിക്കുമ്പോൾ ആയത് തിരിച്ചെടുക്കുന്നതിനുള്ള അനുവാദം നൽകാവുന്നതാണ്. എന്നാൽ അവർ ഇത് സംബന്ധിച്ച വിശദാംശങ്ങൾ 98-99 ലെ പദ്ധതി രേഖയോടൊപ്പം ഡി.പി.സിക്ക് നൽകി അംഗീകാരം വാങ്ങിയിരിക്കണം.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

5. 97-98 ലെ പദ്ധതി വിഹിതത്തിൻെറ ജൂൺ 30 വരെയുള്ള യഥാർത്ഥ പദ്ധതിച്ചെലവ് സംബന്ധിച്ച കണക്ക് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കഴിവതും വേഗം പുറപ്പെടുവിക്കണം (ഏതെല്ലാം ഇനങ്ങൾ 97-98ലെ ചെലവായി കണക്കാക്കാം തുടങ്ങിയവ).

   *നടപടി : തദ്ദേശഭരണ വകുപ്പ്*

6. നിർവഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയ പദ്ധതി പണം ജനറൽ പി.ഡി. അക്കൗണ്ടിലേക്ക് പിൻവലിക്കുന്നതിനുള്ള നടപടി ക്രമം നിശ്ചയിക്കണം.

   *നടപടി: ധനകാര്യവകുപ്പ്*

7. ബി-കാറ്റഗറി ഫണ്ട് യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ അടിയന്തിരമായി ഫണ്ട് കൈമാറാൻ നിർദ്ദേശം നൽകണം.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

8. നിർവഹണ ഉദ്യോഗസ്ഥരിൽ ചിലർ രണ്ട് ക്യാഷ് ബുക്കുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്.

   *നടപടി : ധനകാര്യവകുപ്പ്*

# ജനകീയാസൂത്രണപ്രസ്ഥാനം

*(3.11.98 രാവിലെ 8.30-ന് ബഹു: തദ്ദേശഭരണവകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനങ്ങൾ )*

1. രണ്ടാംവർഷ പദ്ധതിരേഖയ്ക്ക് ഡി.പി.സിയുടെ അംഗീകാരം നേടിയിരിക്കേണ്ട അവസാനദിവസമായ ഒക്ടോബർ 31ന് ധാരാളം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി രേഖകൾ അംഗീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഒട്ടേറെ പദ്ധതി രേഖകൾ അവസാന ദിവസം അംഗീകരിക്കേണ്ടി വന്നതിനാൽ സൂക്ഷ്മ പരിശോധന വേണ്ടവിധം നടന്നിട്ടില്ലെന്ന് പരാതികൾ ലഭിച്ചിട്ടുള്ളതിനാൽ അവസാനദിവസം അംഗീകരിച്ച എല്ലാ പദ്ധതി രേഖകളും എസ്.എൽ.ഇ.സി.യിൽ നിന്നുള്ള ഒരു വിദഗ്ദ്ധ സംഘം പുന:പരിശോധിക്കണം.

   *നടപടി : തദ്ദേശഭരണവകുപ്പ് /ആസൂത്രണ ബോർഡ്*

2. സഹകരണസംഘങ്ങൾക്ക് ഉപാധിരഹിത ഗ്രാൻറ് അനുവദിക്കാവുന്നതല്ല. വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതി വിഹിതം നൽകാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായി പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രോജക്ടുകളും ഒഴിവാക്കേണ്ടതും പ്രത്യേകം പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതികളുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.

   *നടപടി : തദ്ദേശഭരണവകുപ്പ്*

3. പല തദ്ദേശഭരണസ്ഥാപനങ്ങളും വീടുകൾ 'വനിത' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് അനുവദനീയമല്ല. വനിതാ വിഭാഗത്തിൽ പെടുന്ന വീടുകൾ വനിത ഗൃഹനാഥയായിട്ടുള്ളതും വരുമാനമുള്ള പുരുഷൻ ഇല്ലാത്ത കുടുബത്തിനുമായിരിക്കണം നൽകേണ്ടത്.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

4. ആറു മാസമെങ്കിലും പ്രവർത്തിച്ചിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്കു മാത്രമേ ധനസഹായം നൽകുന്നതിന് നിലവിൽ വ്യവസ്ഥയുള്ളൂ. പ്രസ്തുത വ്യവസ്ഥ ഈ വർഷം 4 മാസമായി കുറവു ചെയ്യാവുന്നതാണ്.

   *നടപടി : തദ്ദേശഭരണവകുപ്പ് /ഗ്രാമവികസനവകുപ്പ്*

5. മഴക്കുഴി, കയ്യാല എന്നിവയ്ക്ക് സഹായം അനുവദിക്കുന്നത് പ്രസ്തുത പ്രോജക്ട് ഒരു നീർമറി പ്രദേശം മുഴുവൻ ഉൾക്കൊള്ളുന്നതാണെങ്കിൽ മാത്രമായിരിക്കണം.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

6. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പദ്ധതികൾക്ക് അനുവദിക്കാവുന്ന സബ്സിഡി നിരക്കുകൾ 20-8-98 ലെ GO(P) 175/98/LAD, 14-10-98 ലെ GO(P) 209/98/LAD എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിൽ ഉൾപ്പെടാത്ത ഇനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം പ്രത്യേക അനുമതിക്കായി ഒരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും പ്രത്യേകം പ്രത്യേകം അപേക്ഷിക്കാതെ എല്ലാ അപേക്ഷകളും ഡി.പി.സി പരിശോധിച്ച് ഡി.പി.സി. യുടെ ശുപാർശ/അഭിപ്രായത്തോടെ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

7. തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം നൽകിയ ചില പുതുമയുള്ള പദ്ധതികൾക്ക് ബന്ധപ്പെട്ട ഡി.പി.സികൾ അനുവാദം നൽകിയില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള പരാതികൾ തദ്ദേശഭരണവകുപ്പ് പരിശോധിച്ച് തീരുമാനമെടുക്കണം. അതിലേക്കായി തദ്ദേശഭരണവകുപ്പ് സെക്രട്ടറിക്ക് പ്രോജക്ടിന്റെ പകർപ്പോടെ അപേക്ഷിക്കണം.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

8. കൃഷി ഭൂമിയും വീടുവയ്ക്കുന്നതിനുള്ള ഭൂമിയും വാങ്ങി നൽകുന്നതിനുള്ള എല്ലാ പ്രോജക്ടുകളും തദ്ദേശഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്.

   *നടപടി : തദ്ദേശഭരണ വകുപ്പ്*

9. പ്രഖ്യാപിത വ്യാവസായിക മേഖലയ്ക്കുള്ളിൽ നടത്തുന്ന പശ്ചാത്തലസൗകര്യവർദ്ധനക്കായുള്ള പദ്ധതികൾ ഉത്പാദനമേഖലയിലെ ചെലവായി കണക്കാക്കാവുന്നതാണ്. സർക്കുലർ പുറപ്പെടുവിക്കണം.

*നടപടി : ആസൂത്രണവകുപ്പ്*

10. ഗുണഭോക്തൃ തെരഞ്ഞെടുപ്പും തെരഞ്ഞെടുപ്പിനുള്ള ഗ്രാമസഭാ സംഘാടനവും സംബന്ധിച്ച് വിശദമായ ഉത്തരവ് പുറപ്പെടുവിക്കണം. ഉത്തരവിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ വ്യക്തമാക്കണം.

*എ. വീട്, വീട്വയ്ക്കുന്നതിനുള്ള സ്ഥലം, കക്കൂസ്, കിണർ എന്നിവയ്ക്ക് അപേക്ഷിക്കുന്നതിനുള്ള പൊതു അപേക്ഷാഫോറം തയ്യാക്കണം.*

*ബി. പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന മറ്റ് പ്രോജക്ടുകൾക്കായി ഉപയോഗിക്കുന്നതിന് ആവശ്യമായ വിവരങ്ങൾ കൂട്ടിച്ചേർത്ത് ഈ ഫോറം തന്നെ ഉപയോഗിക്കാം.*

*സി. ഓരോ പ്രോജക്ടിന്റെയും പേര്, അർഹതാമാനദണ്ഡങ്ങൾ, മുൻഗണനാമാനദണ്ഡങ്ങൾ, മാർക്കിടുന്ന രീതി എന്നിവ അടങ്ങിയ നോട്ടീസ് അപേക്ഷാഫാറത്തോടൊപ്പം അച്ചടിച്ച് വിതരണം ചെയ്യണം.*

*ഡി. ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള ഫോറം' 10-ാം തീയതിയിലെ പത്രത്തിൽ പരസ്യപ്പെടുത്തണം.*

*ഇ. മേൽത്തട്ട് പഞ്ചായത്തുകൾ, അവരുടെ വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ നവംബർ 15ന് മുമ്പ് ഗ്രാമപ്പഞ്ചായത്തുകളെ അറിയിക്കണം.*

*എഫ്. നവംബർ 25 വരെ ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കണം.*

*ജി. കർമ്മ സമിതി അംഗങ്ങൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജനകീയാസൂത്രണ പ്രവർത്തകർ എന്നിവർ ഉൾക്കൊള്ളുന്ന ശില്പശാലയിൽ വച്ചായിരിക്കണം അപേക്ഷാഫാറങ്ങൾ പരിശോധിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടത്. നവംബർ 25 മുതൽ ഡിസംബർ 5 വരെയുള്ള ദിവസങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം.*

*എച്ച്. ഡിസംബർ 5 മുതൽ 20 വരെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ നടത്താം. ഈ ഗ്രാമസഭകളിൽ, ശിൽപശാലയിൽവച്ച് തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.*

*ഐ. നഗരസഭകളിൽ അപേക്ഷകരായ ഗുണഭോക്താക്കൾ കൂടി പങ്കെടുക്കുന്ന വാർഡു കമ്മിറ്റികളിൽ വച്ചു വേണം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കാൻ.*

*ജെ. ഇപ്രകാരം അംഗീകരിച്ച ലിസ്റ്റ് ബന്ധപ്പെട്ട വിദഗ്ദ്ധ സമിതികളുടെ പരിശോധനക്കായി നൽകേണ്ടതും അംഗീകാരം വാങ്ങേണ്ടതുമാണ്.*

*കെ. വിദഗ്ദ്ധ സമിതികളുടെ അംഗീകാരം നേടിക്കഴിഞ്ഞ ലിസ്റ്റും പ്രോജക്ടുകളും കൂടി ഡിസംബർ 31 ആകുമ്പോഴേക്കും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകണം.*

*നടപടി : തദ്ദേശഭരണവകുപ്പ് /പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഡയറക്ടർ*

11. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന റോഡ് നിർമ്മാണ പദ്ധതികൾക്കാവശ്യമായി വരാവുന്ന ടാറിന്റെ മതിപ്പ് കണക്ക് തയ്യാറാക്കി ഐ.ഒ.സിയെ മുൻകൂട്ടി അറിയിക്കുന്നത് ഉചിതമായിരിക്കും. പ്രവർത്തികൾ യഥാസമയം പൂർത്തിയാക്കുന്നതിന് ആവശ്യമായ ടാറിന്റെ ലഭ്യത ഉറപ്പാക്കാൻ ഇത് സഹായിക്കും. ഇത് സംബന്ധിച്ച നിർദ്ദേശം നൽകണം.

*നടപടി : പഞ്ചായത്ത് ഡയറക്ടർ/ മുനിസിപ്പൽ ഭരണവകുപ്പ് ഡയറക്ടർ*

12. ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഒരു ജീപ്പ് വാങ്ങാൻ അനുവാദം നൽകാവുന്നതാണ്. ഡ്രൈവറുടെ തസ്തിക സൃഷ്ടിക്കേണ്ടിവരുമെന്നതിനാൽ ക്യാബിനറ്റ് അംഗീകാരം ആവശ്യമുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിക്കണം.

*നടപടി : തദ്ദേശഭരണ വകുപ്പ്*

13. ഗ്രാമപ്പഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി പദ്ധതി വിഹിതം ഉപയോഗിക്കുന്ന പ്രോജക്ടുകൾ പരിശോധിക്കുകയും ആവശ്യമില്ലാത്തവ നിരോധിക്കുകയും വേണം.

*നടപടി : തദ്ദേശഭരണവകുപ്പ്*

14. ഒന്നാംഗഡു പദ്ധതി വിഹിതം അനുവദിക്കുന്നതിൽ എസ്.സി.പി./റ്റി.എസ്.പി. വിഹിതം പ്രത്യേകം സൂചിപ്പിക്കേണ്ടതില്ല. അനുവദിച്ച പദ്ധതി വിഹിതത്തിന്റെ 25 ശതമാനം തുക ഒന്നാംഗഡുവായി നൽകാവുന്നതാണ്. എന്നാൽ രണ്ടാംഗഡു കൊണ്ടുള്ള പ്രവർത്തനം തീരുമ്പോഴേക്കും എസ്.സി.പി/റ്റി.എസ്.പി.യുടെ 50% പൂർത്തീകരിച്ചേ മതിയാകൂ.

*നടപടി : തദ്ദേശഭരണവകുപ്പ്/ധനകാര്യവകുപ്പ്*

15. ഗുണഭോക്തൃ സമിതികൾ വഴി നടപ്പാക്കുന്ന പ്രോജക്ടുകളുടെ രേഖകൾ ബന്ധപ്പെട്ട നിർവഹണ ഉദ്യോസ്ഥൻെറ ഓഫീസിലോ തദ്ദേശഭരണസ്ഥാപനത്തിലോ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കണം.

*നടപടി : തദ്ദേശഭരണവകുപ്പ്*

16. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്ന വ്യവസായ പ്രോജക്ടുകൾക്ക് രൂപം നൽകുവാനായി വ്യവസായ സെക്രട്ടറി ശ്രീമതി അരുണാ സുന്ദർരാജ് ചെയർപേഴ്സണും ആസൂത്രണ ബോർഡ് വ്യവസായ വിഭാഗം ചീഫ് കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. കമ്മിറ്റിയിൽ വ്യവസായവകുപ്പ് ഡയറക്ടർ, കയർ വകുപ്പ് ഡയറക്ടർ, കൈത്തറി വകുപ്പ് ഡയറക്ടർ, SIDBI, KFC, KSIDC, എന്നിവയുടെ പ്രതിനിധികൾ, ചെറുകിടവ്യവസായ അസോസിയേഷൻ, SLBC പ്രതിനിധി, വ്യവസായികളുടെ ഒരു പ്രതിനിധി, കെ.എൻ.ഹരിലാൽ എന്നിവർ അംഗങ്ങളാകാവുന്നതാണ്.

*നടപടി : തദ്ദേശഭരണവകുപ്പ്/ആസൂത്രണ വകുപ്പ്*

17. കാർഷിക മേഖലയിൽ അനുവദിക്കാവുന്ന വിവിധ സബ്സിഡികൾ സംബന്ധിച്ച് പഠിക്കുന്നതിനായി കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ അധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കണം.

*നടപടി : തദ്ദേശഭരണവകുപ്പ് /ആസൂത്രണ വകുപ്പ്*

19. SCP/TSP പദ്ധതികൾ സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിന് പ്രത്യേകമായി ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കണം.

*നടപടി : തദ്ദേശഭരണവകുപ്പ്*

18. ട്രൈബൽ വീടുകൾക്ക് അനുവദിച്ചിട്ടുള്ള സബ്സിഡി നിരക്ക് അടുത്തവർഷം വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കണം.

*നടപടി : തദ്ദേശഭരണവകുപ്പ്*

20. പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും പരാതികൾ പരിശോധിച്ച് നടപടികൾ നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റിക്ക് രൂപം നൽകണം. താഴെ പറയുന്നവർ കമ്മിറ്റിയിൽ അംഗങ്ങളാകാം. 1) ശ്രീ. ജെയിംസ് വർഗ്ഗീസ് ഐ.എ.എസ് . 2) ശ്രീ. ടി.കെ. ജോസ് ഐ.എ.എസ് 3) പ്രൊഫ. എം.കെ പ്രസാദ് 4) പ്രൊഫ.എ.ആർ. വേലായുധൻ പിള്ള 5) ശ്രീ.എൽ. സുകുമാരൻ നായർ 6) പ്രൊഫ. പി.കെ. രവീന്ദ്രൻ 7) ഡോ. ജോയ് ഇളമൺ 8) ശ്രീ. എൻ. ജഗജീവൻ 9) ശ്രീ. വി.എൻ. ജിതേന്ദ്രൻ 10) ശ്രീ. ടി. നാരായണൻ 11) ശ്രീ. എസ്. ദിനേശ്. 12) ശ്രീ. ജോർജ് ബഞ്ചമിൻ.

*നടപടി : തദ്ദേശഭരണവകുപ്പ്*

(ഒന്നുമുതൽ പത്തുവരെ ഇനങ്ങൾ ഉൾപ്പെടുന്ന ഒറ്റ സർക്കുലർ പുറപ്പെടുവിക്കാവുന്നതാണ്)

***യോഗത്തിൽ പങ്കെടുത്തവർ:-***

1. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശഭരണവകുപ്പു മന്ത്രി)
2. ഡോ. ടി.എം. തോമസ് ഐസക് (ആസൂത്രണബോർഡ് അംഗം)
3. ശ്രീ. ഇ.എം. ശ്രീധരൻ (ആസൂത്രണബോർഡ് അംഗം)
4. ശ്രീ. എസ്.എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശഭരണ വകുപ്പ്)
5. ഡോ.കെ.എം. എബ്രഹാം (സെക്രട്ടറി, ധനകാര്യവകുപ്പ്)
6. ശ്രീ. കെ.എൻ. കുറുപ്പ് (സെക്രട്ടറി, ആസൂത്രണബോർഡ് )
7. ശ്രീ. പി. കമാൽകുട്ടി (പഞ്ചായത്ത് ഡയറക്ടർ)
8. ശ്രീ. എസ്. പരമേശ്വരൻ നായർ (ഡയറക്ടർ, മുനിസിപ്പൽ ഭരണവകുപ്പ്)
9. ശ്രീ. വി. ശിശുപാലൻ (അഡിഷണൽ ഡെവലപ്മെൻറ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ് )
10. ശ്രീ. എച്ച്.കെ. പിഷാരടി (തദ്ദേശഭരണവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
11. ശ്രീ. എൻ. ജഗജീവൻ (ക്യാമ്പയിൻ സെൽ)
12. ഡോ. ജോയ് ഇളമൺ (ക്യാമ്പയിൻ സെൽ )
13. ശ്രീ. വി.ജി. മനമോഹൻ (ക്യാമ്പയിൻ സെൽ)

# ജനകീയാസൂത്രണ പ്രസ്ഥാനം

**(20.11.98 രാവിലെ 8.30 ന് ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനങ്ങൾ )**

1. ബ്ലോക്ക്/മുനിസിപ്പൽ തലത്തിൽ നടക്കുന്ന നിർവഹണ പരിശീലനത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പാക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകണം

   *നടപടി : തദ്ദേശഭരണ വകുപ്പ്*

2. വിശദമായ സാങ്കേതികാനുമതി നൽകൽ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ വിദഗ്ദ്ധ സമിതികൾക്ക് നിർദ്ദേശം നൽകുകയും, പ്രവർത്തനം ഏകോപിപ്പിക്കുവാൻ എ.ഡി.സി (ജി) മാർക്ക് നിർദ്ദേശം നൽകുകയും വേണം.

   *നടപടി : ആസൂത്രണ ബോർഡ്*

3. എഞ്ചിനീയർമാരുടെ സേവനം ലഭ്യമല്ലാത്ത പഞ്ചായത്തുകളിലേയ്ക്ക് നിലവിലുള്ള എഞ്ചിനീയർമാരെ പുനർവിന്യസിക്കുവാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകണം.

   *നടപടി : തദ്ദേശ ഭരണ വകുപ്പ്*

4. അപ്രൻറീസ് എഞ്ചിനീയർമാരുടെ കാലാവധി അവസാനിച്ച പഞ്ചായത്തുകൾക്ക് വീണ്ടും അപ്രൻറീസുകളെ നിയമിക്കുവാൻ അനുവാദം നൽകണം

   *നടപടി : തദ്ദേശ ഭരണ വകുപ്പ്*

5. വിവിധതട്ടു പഞ്ചായത്തുകൾ ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിക്കണം.

   *നടപടി : ധനകാര്യവകുപ്പ്*

6. വിദഗ്ദ്ധസമിതി പുന: സംഘാടനവും, ഗ്രാമസഭാനടത്തിപ്പും സംബന്ധിച്ച് പത്രപ്പരസ്യം നൽകണം.

   *നടപടി : ക്യാമ്പയിൻസെൽ / തദ്ദേശഭരണ വകുപ്പ്*

7. ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി എക്സിക്യൂട്ടിവ് യോഗം ഡിസംബർ 14 ന് വിളിച്ചുചേർക്കണം.

   *നടപടി : തദ്ദേശ ഭരണ വകുപ്പ് മന്ത്രി കാര്യാലയം/ക്യാമ്പയിൻ സെൽ*

8. ബ്ലോക്ക് / നഗരസഭാ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് ലീവ് സറണ്ടർ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

   *നടപടി : ആസൂത്രണ ബോർഡ് / ക്യാമ്പയിൻ സെൽ*

9. കർഷക സമിതികൾക്ക് പെട്ടിയും പറയും നൽകുന്നതിന് പരമാവധി 50 ശതമാനം വരെ സബ്സിഡി അനുവദിക്കാം.

10. ജില്ലാ പഞ്ചായത്ത് നിർവഹണഉദ്യോഗസ്ഥരുടെ പരിശീലനം ഡിസംബർ രണ്ടാം വാരം സംഘടിപ്പിക്കണം

    *നടപടി : ക്യാമ്പയിൻ സെൽ*

*യോഗത്തിൽ പങ്കെടുത്തവർ :-*

1. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി (ബഹു: തദ്ദേശഭരണവകുപ്പുമന്ത്രി)
2. ശ്രീ. ഇ.എം. ശ്രീധരൻ (ആസൂത്രണബോർഡ് അംഗം)
3. ശ്രീ. എസ്. എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)
4. ശ്രീ. ഡോ.കെ.എം. എബ്രഹാം. (സെക്രട്ടറി, ധനകാര്യവകുപ്പ്)
5. ശ്രീ. കെ.എൻ. കുറുപ്പ് (സെക്രട്ടറി, ആസൂത്രണബോർഡ്)
6. ശ്രീ. പി. കമാൽകുട്ടി (ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്)
7. ശ്രീ. എസ്. പരമേശ്വരൻ നായർ (ഡയറക്ടർ, മുനിസിപ്പൽ ഭരണവകുപ്പ്)
8. ശ്രീ. വി. ശിശുപാലൻ (ആഡീഷണൽ ഡെവലപ്മെൻറ് കമ്മീഷണർ)
9. ശ്രീ. എച്ച്.കെ. പിഷാരടി (തദ്ദേശഭരണവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
10. ശ്രീ. കെ.എൻ. ഹരിലാൽ (ക്യാമ്പയിൻസെൽ അംഗം)
11. ശ്രീ. ഡോ. ജോയ് ഇളമകൾ (ക്യാമ്പയിൻസെൽ അംഗം)
12. ശ്രീ. ജഗജീവൻ (ക്യാമ്പയിൻസെൽ അംഗം)
13. ശ്രീ. വി.ജി മനമോഹൻ (ക്യാമ്പയിൻസെൽ അംഗം)

# ജനകീയാസൂത്രണപ്രസ്ഥാനം

(15.12.98 രാവിലെ 8.30 ന് ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനങ്ങൾ )

1. രണ്ടാം ഗഡു പദ്ധതിവിഹിത വിതരണം ഡിസംബർ 15 നു തന്നെ ആരംഭിക്കാം. ഒന്നാംവർഷപദ്ധതി വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകൾ ശേഖരിക്കുന്നതിന് ജനുവരി 15 വരെ സമയം അനുവദിക്കാം. ഏതെല്ലാം ഇനങ്ങൾ ചെലവായി പരിഗണിക്കാൻ പാടില്ല എന്ന ഉത്തരവ് കഴിവതും വേഗം പുറപ്പെടുവിക്കണം.

*നടപടി : തദ്ദേശഭരണവകുപ്പ് /ധനകാര്യവകുപ്പ്*

2. അവസാനദിവസം പദ്ധതി രേഖകൾ അംഗീകരിച്ച തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിരേഖകൾ SLEC യിൽ നിന്നുള്ള വിദഗ്ദ്ധർ പരിശോധിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

*നടപടി: ആസൂത്രണബോർഡ്*

3. വാർഷികപദ്ധതിവിഹിതം പൂർണ്ണമായും ലഭിക്കണമെങ്കിൽ, മുൻവർഷം ലഭിച്ച പദ്ധതിവിഹിതത്തിന്റെ 90% ചെലവഴിച്ചിരിക്കണം എന്നത് 75% ആയി കുറവു ചെയ്യാവുന്നതാണ്.

*നടപടി : ആസൂത്രണ വകുപ്പ് /ധനകാര്യവകുപ്പ്*

4 താലൂക്ക്തല കടത്ത് കൂലി- പ്രാദേശികനിരക്ക് ഉപയോഗിക്കുന്നതിനുള്ള അംഗീകാരം നൽകുന്നതിന് വിദഗ്ദ്ധസമിതികളെ അധികാരപ്പെടുത്തണം

*നടപടി: തദ്ദേശഭരണവകുപ്പ്*

5. ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കുന്നപ്രവർത്തികൾക്ക് PWD നിരക്കിൽ നിന്നും അധികം അനുവദിക്കാവുന്ന തുക സംബന്ധിച്ച് പുറത്തിറക്കിയിട്ടുള്ള ഉത്തരവിൽ ഏതാനും ഇനങ്ങൾകൂടി ചേർക്കേണ്ടതുണ്ട്. അവസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കണം ( ശുദ്ധജലവിതരണം, ചുറ്റുമതിൽ, ബണ്ടുകൾ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ)

*നടപടി: ക്യാമ്പയിൻ സെൽ/തദ്ദേശഭരണവകുപ്പ്*

6. വൈദ്യുതിബോർഡ് ഡിപ്പോസിറ്റ് വർക്ക് ആയി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾക്കാവശ്യമായ പോസ്റ്റുകൾ വൈദ്യുതിബോർഡ് തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർമ്മിച്ച് നൽകുന്നതിനുള്ള സംവിധാനം വേണം. വൈദ്യുതിബോർഡ് ചെയർമാനുമായി ചർച്ചചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കണം.

*നടപടി: ആസൂത്രണബോർഡ്*

7. അപ്രന്റീസ് എഞ്ചിനീയർമാരുടെ കാലാവധി അവസാനിച്ച തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പുതിയ എഞ്ചിനീയർമാരെ അപ്രന്റീസുകളായി തെരഞ്ഞെടുക്കുന്നതിന് അനുമതി നൽകാം. ഇപ്രകാരം അപ്രന്റീസ് എഞ്ചിനീയർ/ ഓവർസിയർമാരെ നിയമിച്ചിട്ടുള്ള സ്ഥലങ്ങളിൽ അവർ പ്രവൃത്തികൾ ഏറ്റെടുക്കാൻ വേണ്ടത്ര പ്രാവീണ്യം പ്രകടിപ്പിക്കുന്നില്ലെങ്കിൽ BLEC എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് പഞ്ചായത്തുകൾക്ക് അനുവാദം നൽകാവുന്നതാണ്.

*നടപടി : തദ്ദേശഭരണവകുപ്പ്*

8. തദ്ദേശഭരണസ്ഥാപനങ്ങൾ എഞ്ചിനീയറിംഗ് കൺസൾട്ടൻസി ചാർജായി നൽകാവുന്ന തുക അരശതമാനമോ 1,000 രൂപയോ എന്നത് അരശതമാനമോ 10,000 രൂപയോ ഏതാണോ കുറവ് എന്ന് പുനർനിശ്ചയിക്കാവുന്നതാണ്.

*നടപടി : തദ്ദേശഭരണവകുപ്പ്*

9. DPC കൾ അനുവാദം നിഷേധിച്ച പ്രോജക്ടുകളിൻമേലുള്ള പരാതികൾ ആസൂത്രണബോർഡിലെ വികേന്ദ്രീകൃതാസൂത്രണവിഭാഗം പരിശോധിച്ച് തീരുമാനമെടുത്ത് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളെയും ഡി.പി.സി.കളെയും അറിയിക്കേണ്ടതാണ്.

*നടപടി : ക്യാമ്പയിൻസെൽ / ആസൂത്രണബോർഡ്*

10. ബ്ലോക്കുപഞ്ചായത്തുകളുടെ പദ്ധതികൾക്കുള്ള സാങ്കേതികാനുമതി അതാത് DLEC കൾ തന്നെ നൽകുന്നതാണ് ഉചിതം. എന്നാൽ DLEC കൾക്ക് ഈ ചുമതല BLEC കളെ ഏൽപ്പിക്കാവുന്നതാണ്.

*നടപടി: ആസൂത്രണവകുപ്പ്*

11. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള BPL വരുമാനപരിധി 20,000/ രൂപയായിരിക്കും. BPL സർവ്വേ പൂർത്തിയാകാത്തതിനാൽ ഇതു സംബന്ധിച്ച് ഒരു സർക്കുലർ പുറപ്പെടുവിക്കണം.

*നടപടി: ഗ്രാമവികസനവകുപ്പ്/തദ്ദേശഭരണവകുപ്പ്*

12. ജനകീയാസൂത്രണപദ്ധതി രൂപീകരണം,നിർവ്വഹണം തുടങ്ങിയ ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും യഥാസമയം റിവ്യൂ ചെയ്യുന്നതിനും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ രൂപത്തിൽ ജില്ലാതലത്തിൽ ഒരു കോ-ഓർഡിനേഷൻ സെൽ രൂപീകരിക്കണം. ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഈ കമ്മിറ്റിയിൽ DPO, DDP, RJDMA, ADC (ജനറൽ) DRDA പ്രോജക്ട് ഓഫീസർ,ജനകീയാസൂത്രണ ജില്ലാകൺവീനർ, ക്യാമ്പയിൻസെല്ലിൽ നിന്നുള്ള ജില്ലാചുമതലക്കാരൻ എന്നിവർ അംഗങ്ങളായിരിക്കണം. ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ഈ കമ്മിറ്റി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തണം. കോ ഓർഡിനേഷൻ സെൽ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണം.

*നടപടി: ആസൂത്രണവകുപ്പ്*

13. ICDS സൂപ്പർവൈസർമാരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണം.

*നടപടി: ധനകാര്യവകുപ്പ്*

14. ജില്ലാപഞ്ചായത്ത് നിർവ്വഹണഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലനം തിരുവനന്തപുരത്തുവച്ച് ഡിസംബർ 22,23 തീയതികളിൽ സംഘടിപ്പിക്കണം.

*നടപടി : ക്യാമ്പയിൻ സെൽ*

***യോഗത്തിൽ പങ്കെടുത്തവർ***

1. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി (ബഹു: തദ്ദേശഭരണവകുപ്പുമന്ത്രി)
2. ശ്രീ. ഇ.എം. ശ്രീധരൻ (ആസൂത്രണബോർഡ് അംഗം)
3. ശ്രീ. എസ്. എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)
4. ശ്രീ. ഡോ.കെ.എം. എബ്രഹാം. (സെക്രട്ടറി, ധനകാര്യവകുപ്പ്)
5. ശ്രീ. അമിതാഭ് കാന്ത് (സെക്രട്ടറി, ഗ്രാമവികസന വകുപ്പ്)
6. ശ്രീ. കെ.എൻ. കുറുപ്പ് (സെക്രട്ടറി, ആസൂത്രണബോർഡ്)
7. ശ്രീ. പി. കമാൽകുട്ടി (ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്)
8. ശ്രീ. എസ്. പരമേശ്വരൻ നായർ (ഡയറക്ടർ, മുനിസിപ്പൽ ഭരണവകുപ്പ്)
9. ശ്രീ. എച്ച്.കെ. പിഷാരടി (തദ്ദേശഭരണവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
10. ശ്രീ. ജഗജീവൻ (ക്യാമ്പയിൻസെൽ അംഗം)
11. ശ്രീ. വി.ജി മനമോഹൻ (ക്യാമ്പയിൻസെൽ അംഗം)

# ജനകീയാസൂത്രണ പ്രസ്ഥാനം

*(28-12-98, 29-12-98 എന്നീ തീയതികളിൽ തദ്ദേശഭരണ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനങ്ങൾ)*

KSEB, KWA, Housing Board എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള Deposit works സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ മേധാവികളുമായി ചർച്ച ചെയ്തു.

Kerala State Electricity Board:-

1. കഴിഞ്ഞ വർഷം ഡെപ്പോസിറ്റ് സ്വീകരിച്ച വർക്കുകൾക്ക് മാത്രമായി ഏകദേശം 29,000 പോസ്റ്റുകൾ വേണ്ടിവരും എന്ന് കണക്കാക്കുന്നു. ബോർഡിൻെറ നിലവിലുള്ള ശേഷി വച്ച് ഇത്രയും PSC പോസ്റ്റുകൾ നിർമ്മിക്കുവാൻ കഴിയാത്തതിനാൽ PSC പോസ്റ്റുകൾക്കു പകരം RCC പോസ്റ്റുകൾ ഉപയോഗിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിരുന്നു. ഈ പോസ്റ്റുകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെ വാർത്തു നൽകണം എന്നായിരുന്നു ധാരണ. ഇത് പ്രായോഗികമായി നടപ്പാക്കാൻ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ബോർഡിൻെറ കാസ്റ്റിംഗ് യാഡുകളിൽ തന്നെ നിർമ്മിച്ചു നൽകുന്ന കാര്യം ചർച്ച ചെയ്തു. ബോർഡ് കോൺട്രാക്ടർമാരിൽ നിന്ന് പോസ്റ്റുകൾ വാങ്ങുന്ന നിരക്കിൽ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പോസ്റ്റുകൾ വാങ്ങി നൽകുന്ന ചുമതല KSEB ഏറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ചെയർമാൻ അവതരിപ്പിച്ചു. എന്നാൽ ബോർഡിന് നൽകുന്നതിനെക്കാൾ ഉയർന്ന നിരക്കിൽ അതേ കോൺട്രാക്ടർമാരിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ പോസ്റ്റുകൾ വാങ്ങുവാൻ അനുവദിക്കുവാനാവില്ല എന്ന് ബഹു: മന്ത്രി ചൂണ്ടിക്കാട്ടി, ഈ സാഹചര്യത്തിൽ ഇക്കാര്യം സംബന്ധിപ്പിച്ച് വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്തി തീരുമാനമെടുക്കുന്നതിന് തീരുമാനിച്ചു.

*നടപടി: തദ്ദേശഭരണ വകുപ്പ്/വൈദ്യുതിബോർഡ്*

Kerala Water Authority:-

2. സാങ്കേതികമായി പ്രായോഗികമല്ലാത്ത ചില കുടിവെള്ള പദ്ധതികൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുവാനായി ഗവൺമെൻറ് സെക്രട്ടറി, MD, വാട്ടർ അതോറിറ്റി എന്നിവരുടെ നേതൃത്വത്തിൽ ഒരു ഉന്നതല ടീം ജില്ലകൾ സന്ദർശിക്കണം. ജില്ലയിലെ Executive Engineer ഇതിനുള്ള നോഡൽ ഓഫീസർ ആയി പ്രവർത്തിക്കണം. സാങ്കേതിക കാര്യങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് ഒരു Dispute redressel committee രൂപീകരിക്കണം.

*നടപടി: വാട്ടർ അതോറിറ്റി*

3. കുടിവെള്ള പദ്ധതികൾക്കാവശ്യമായ മെറ്റീരിയൽസ് വാങ്ങുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇവ വാങ്ങുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

*നടപടി: തദ്ദേശഭരണ വകുപ്പ്/വാട്ടർ അതോറിറ്റി*

Kerala State Housing Board:-

4. 30-9-98 വരെ ഹൗസിങ് ബോർഡിൽ ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകൾക്കും തുക അനുവദിച്ചു കഴിഞ്ഞതായി ഹൗസിംഗ് ബോർഡിൽ നിന്നുള്ള പ്രതിനിധികൾ അറിയിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറക്ക് തുടർന്നും തുക അനുവദിക്കുന്നതാണ്.

5. ഇനിയും അപേക്ഷകൾ സമർപ്പിച്ചിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ കഴിവതും വേഗം അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഹൗസിംഗ് ബോർഡിൽ ഡെപ്പോസിറ്റ് ചെയ്യുന്ന തുക പ്രത്യേകം അക്കൗണ്ടായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഹൗസിങ് ബോർഡിൽ ഏർപ്പെടുത്തണം. മൈത്രിഭവനനിർമ്മാണ പദ്ധതിയുടെ ഒരു sub scheme ആയി ഇത് കണക്കാക്കണം.

*നടപടി: ഹൗസിംഗ് ബോർഡ്*

7. തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മൈത്രീഭവന നിർമ്മാണ പദ്ധതിക്കായി, ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനത്തിൻെറ സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റ് രേഖയായി സ്വീകരിക്കാവുന്നതാണ്.

8. ഓരോ വർഷവും തദ്ദേശഭരണ സ്ഥാപനങ്ങൾ ഹൗസിംഗ് ബോർഡിന് ഈ പദ്ധതിയിൻ കീഴിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മുൻകൂട്ടി നിശ്ചയിക്കേണ്ടതാണ്.

*നടപടി: തദ്ദേശഭരണ വകുപ്പ്/ഹൗസിംഗ് ബോർഡ്*

9. KSEB, KWA, Housing Board എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള Deposit works സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റി പ്രതിമാസ റിവ്യൂ നടത്തണം.

10. നിർമ്മാണ പ്രവർത്തനങ്ങൾ സൂപ്പർവൈസ് ചെയ്യുന്നതു സംബന്ധിച്ച് 16-11-98-ൽ പത്തനംതിട്ട ജില്ല കളക്ടർ പുറത്തിറക്കിയ ഉത്തരവു സംബന്ധിച്ചുള്ള സംശയം ദൂരീകരിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടറുമായി സംസാരിക്കണം.

*നടപടി: സെക്രട്ടറി, തദ്ദേശ ഭരണ വകുപ്പ്*

11. ഗ്രീവൻസ് സെൽ പ്രവർത്തനം ശക്തിപ്പെടുത്തണം. ജില്ലകളിലെ പെർഫോർമൻസ് ഓഡിറ്റ് ടീം ഈ സെല്ലിൻെറ സെക്രട്ടേറിയറ്റ് ആയി പ്രവർത്തിക്കണം.

*നടപടി: തദ്ദേശഭരണ വകുപ്പ്*

12. എഞ്ചിനീയറിംഗ് സംവിധാനം വേണ്ടത്രയില്ലാത്ത നഗരസഭകളിൽ വിദഗ്ധ സമിതിയിലെ എഞ്ചിനീയർമാരെയോ മറ്റ് സർക്കാർ എഞ്ചിനീയർമാരെയോ താൽകാലികമായി റീഡിപ്ലോയ് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കണം.

*നടപടി: മുനിസിപ്പൽ ഡയറക്ടറ്റർ/തദ്ദേശഭരണ വകുപ്പ്.*

13. ജില്ലാ കോർഡിനേഷൻ സെല്ലിൻെറ രൂപീകരണം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കണം. സെല്ലിൻെറ പ്രവർത്തന റിപ്പോർട്ട് സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കണം.

*നടപടി: ആസൂത്രണ വകുപ്പ്.*

14. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നതിന് രസീതു ബുക്ക് അച്ചടിക്കുന്നതിന് അനുമതി നല്കാവുന്നതാണ്.

*നടപടി: ധനകാര്യവകുപ്പ്/തദ്ദേശഭരണ വകുപ്പ്.*

15. വിദഗ്ധ സമിതികൾക്ക് പ്രവർത്തിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം, പ്രത്യേകിച്ചും കോട്ടയം, ഇടുക്കി ജില്ലകളിൽ.

*നടപടി: ഗ്രാമവികസന വകുപ്പ്.*

16. ഗ്രാമപഞ്ചായത്ത് പ്ലാൻ കോർഡിനേറ്റർമാരായി ചുമതലപ്പെടുത്തിയിട്ടുള്ള VEO മാർക്ക് പരിശീലനം നല്കണം.

*നടപടി: ക്യാമ്പയിൻ സെൽ/ഗ്രാമവികസന വകുപ്പ്.*

17. ഗുണഭോക്തൃ ലിസ്റ്റ് പരസ്യപ്പെടുത്തുന്നതു സംബന്ധിച്ചും ഗുണഭോക്തൃ സമിതികൾക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ സംബന്ധിച്ചും വിദഗ്ധ സമിതികൾ വിപുലീകരിക്കുന്നതു സംബന്ധിച്ചും പത്രപരസ്യം നല്കണം.

*നടപടി: ക്യാമ്പയിൻ സെൽ*

18. പ്രത്യേകാനുമതിക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകൾ പരിശോധിച്ച് തീരുമാനമെടുക്കണം. ഇതിനായി തദ്ദേശഭരണ വകുപ്പ് സെക്രട്ടറിയും ക്യാമ്പയിൻ സെൽ പ്രതിനിധികളും യോഗം ചേരണം.

*നടപടി: തദ്ദേശഭരണ വകുപ്പ്/ക്യാമ്പയിൻ സെൽ.*

19. ജില്ലാ പഞ്ചായത്തുകളിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി കൂടുതൽ നിർവഹണ ഉദ്യോഗസ്ഥന്മാരെ ആവശ്യമായ സാഹചര്യത്തിൽ, ഏതൊക്കെ ഉദ്യോഗസ്ഥരെ ജില്ലാ പഞ്ചായത്തിൻെറ നിർവഹണോദ്യോഗസ്ഥരാക്കണം എന്ന ലിസ്റ്റ് തയ്യാറാക്കണം.

*നടപടി: തദ്ദേശഭരണ വകുപ്പ്*

*യോഗത്തിൽ പങ്കെടുത്തവർ*

1. ശ്രീ.പാലൊളി മുഹമ്മദ്കുട്ടി (തദ്ദേശഭരണവകുപ്പ് മന്ത്രി)
2. ഇം.എം.ശ്രീധരൻ (ആസൂത്രണബോർഡ് അംഗം)
3. എസ്.എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)
4. കെ.എൻ. കുറുപ്പ് (സെക്രട്ടറി, ആസൂത്രണവകുപ്പ്)
5. പി.എ. സിദ്ധാർത്ഥ മേനോൻ (ചെയർമാൻ, KSEB)
6. ഏലിയാസ് ജോർജ് (ചെയർമാൻ KWA)
7. എൻ.എസ്. ബാലചന്ദ്രൻ നായർ (MD., KWA)
8. കെ. ചന്ദ്രശേഖരൻ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ KWA)
9. ആർ. ജയകുമാർ (അഡീഷണൽ സെക്രട്ടറി, ഹൗസിംഗ് ബോർഡ്)
10. എൻ. ചന്ദ്രൻ ആചാരി (ചീഫ് അക്കൗണ്ട്സ് ഓഫീസർ, ഹൗസിംഗ് ബോർഡ്)
11. എച്ച്.കെ. പിഷാരടി (തദ്ദേശഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
12. ഡോ: ജോയ് ഇളമൺ (ക്യാമ്പയിൻ സെൽ)
13. എൻ. ജഗജീവൻ (ക്യാമ്പയിൻ സെൽ)
14. വി.ജി. മനമോഹൻ (ക്യാമ്പയിൻ സെൽ)

# ജനകീയാസൂത്രണ പ്രസ്ഥാനം

*(6-1-99, രാവിലെ 8.30ന് ബഹു: തദ്ദേശഭരണ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ കവടിയാർ ഹൗസിൽ വച്ചു ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനങ്ങൾ)*

1. പദ്ധതി വിഹിതം രണ്ടാം ഗഡു അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും ഉൾപ്പടെ എല്ലാ സ്ഥാപനങ്ങൾക്കും നിബന്ധനകൾ ഇല്ലാതെ രണ്ടാം ഗഡു അനുവദിക്കാവുന്നതാണ്. രണ്ടാം ഗഡുവിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കണം. ഇക്കാര്യം ബന്ധപ്പെട്ട എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും അറിയിക്കണം.

   *നടപടി: പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഭരണ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ*

2. വിവിധ തട്ട് പഞ്ചായത്തുകൾ ചേർന്ന് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ധനവിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം. പദ്ധതി നേരിട്ട് നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനത്തിൻെറ സെക്രട്ടറിയുടെ പേർക്ക് മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ പണം നിക്ഷേപിച്ചാൽ മതിയാകും. ഇപ്രകാരം കൈമാറ്റം ചെയ്യുന്ന പണം ധനവിനിയോഗമായി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കണം.

   *നടപടി: ധനകാര്യവകുപ്പ്*

3. പരാതികളെകുറിച്ച് അന്വേഷിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പഞ്ചായത്ത് തലത്തിൽ അദാലത്ത് രൂപത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കണം. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം അദാലത്തിൽ പങ്കെടുക്കണം. അദാലത്തിന് മുമ്പായി കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ അന്വേഷണം നടത്തണം. ഇക്കാര്യം ജില്ലാ കളക്ടർമാരുടെ യോഗത്തിൽ ചർച്ച ചെയത് പ്രവർത്തന പരിപാടി തയ്യാറാക്കണം.

   *നടപടി: തദ്ദേശഭരണ വകുപ്പ്.*

4. ജില്ലാ കളക്ടർമാരുടെ കോൺഫറൻസ് ഫെബ്രുവരി 15-ന് 'കില'യിൽ വച്ച് നടത്താം.

   *നടപടി: സെക്രട്ടറി, തദ്ദേശഭരണവകുപ്പ്*

5. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായുള്ള പദ്ധതിരൂപീകരണം നടത്തിപ്പ് എന്നിവയെക്കുറിച്ച് ജി.ഇ.ഒ. മാർക്ക് രണ്ട് ദിവസത്തേ ഓറിയൻേറഷൻ നൽകണം. SIRD/KILA യിൽ വച്ച് നടത്താം.

   *നടപടി: ഗ്രാമവികസന വകുപ്പ്*

6. നിർമ്മിതി കേന്ദ്രം, കോസ്റ്റ്ഫോർഡ് എന്നിവ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്കായി സ്വീകരിക്കുന്ന നിരക്കുകൾ സംബന്ധിച്ച് വ്യക്തത വരുത്തണം. ഈ ഏജൻസികൾ തയ്യാറാക്കിയിട്ടുള്ള Data യും PWD നിരക്കും ഉപയോഗിക്കുന്ന രീതിയാവാം. ഇക്കാര്യം സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനമേധാവികളുമായി കൂടിയാലോചിച്ച് തീരുമാനം കൈകൊള്ളണം.

   *നടപടി: സെക്രട്ടറി, തദ്ദേശഭരണവകുപ്പ്*

7. സാങ്കേതിക കാരണങ്ങളാൽ അംഗീകരിച്ച പ്രോജക്ടുകളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 15 ആയിരിക്കും. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

   *നടപടി: ആസൂത്രണ ബോർഡ്*

8. VEO മാർ നിർവ്വഹണ ഉദ്യോഗസ്ഥരായിട്ടുള്ള സ്കീമുകൾക്ക് അവർ തന്നെ സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകും.

9. പട്ടികജാതിക്കാരുടെ വീടുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രത്യേകാനുമതിക്കായി അപേക്ഷിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാവുന്നതാണ്.

   *നടപടി: തദ്ദേശഭരണ വകുപ്പ്.*

10. മൈത്രിഭവന പദ്ധതിയിൻ കീഴിൽ പദ്ധതികൾ ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഹൗസിംഗ് ബോർഡിൽ അതിനുള്ള അപേക്ഷകൾ ഫെബ്രുവരി 15-ന് മുമ്പ് സമർപ്പിക്കണം. മാർച്ച് 31-ന് മുമ്പ് നടപടികൾ പൂർത്തിയാക്കുവാൻ ഇത് അനിവാര്യമാണ്.

    *നടപടി: തദ്ദേശഭരണ വകുപ്പ്/ഹൗസിംഗ് ബോർഡ്*

11. മൂന്നാം വർഷ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ 1999 ഫെബ്രുവരിയിൽ ആരംഭിക്കണം.

    *നടപടി: ആസൂത്രണബോർഡ്*

12. ജനകീയാസൂത്രണ പ്രസ്ഥാനത്തിനെതിരെ ഉയർന്നുവരുന്ന അടിസ്ഥാനരഹിതമായ വിമർശനങ്ങൾ ഒഴിവാക്കുവാനായി, മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശഭരണ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതല കൺവെൻഷനുകൾ നടത്താവുന്നതാണ്. വിവിധ വാർത്താ മാധ്യമങ്ങളിലൂടെയും ഇത്തരം ശ്രദ്ധേയമായ പ്രവർത്തനങ്ങളെക്കുറിച്ച് പ്രചരിപ്പിക്കുന്നതിന് കഴിയണം. ഇതിനാവശ്യമായ ഒരു കർമ്മ പരിപാടി അടുത്ത കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അവതരിപ്പിക്കണം.

*നടപടി: ക്യാമ്പയിൻ സെൽ*

13. പ്രത്യേകാനുമതിക്കായി ലഭിക്കുന്ന പ്രോജക്ടുകളിന്മേൽ കഴിവതും വേഗം തീർപ്പ്കൽപ്പിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കണം.

*നടപടി: തദ്ദേശഭരണവകുപ്പ്/ആസൂത്രണബോർഡ്*

14. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന പദ്ധതി ധനസഹായം തൻവർഷം തന്നെ ചെലവഴിക്കാഞ്ഞാൽ ലാപ്സ് ആകും എന്ന നിലവിലുള്ള വ്യവസ്ഥക്കുപകരം നിർവഹണത്തിലെ കാര്യക്ഷമതയും, സമയനിഷ്ടയും പാലിച്ചുകൊണ്ട് തുക ലാപ്സാകാത്ത വിധം നടപ്പാക്കാവുന്ന ധനസഹായ ചട്ടം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കണം.

*നടപടി: ധനകാര്യവകുപ്പ്*

15. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഇലക്ട്രിക് പോസ്റ്റുകൾ വൈദ്യുതി ബോർഡു തന്നെ നിർബന്ധിച്ച് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇതിനായി വൈദ്യുതി മന്ത്രിയുമായി തദ്ദേശഭരണ വകുപ്പു മന്ത്രി ചർച്ച നടത്തണം.

*നടപടി: തദ്ദേശഭരണ വകുപ്പ്/ആസൂത്രണ ബോർഡ്*

16. ഇടുക്കി ജില്ലാ പഞ്ചായത്ത്, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് എന്നിവക്ക് ഓഫീസ് മന്ദിരം പണിയുന്നതിന് പ്രത്യേക ധനസഹായത്തിന് അനുമതി നൽകാവുന്നതാണ്.

*നടപടി: തദ്ദേശഭരണവകുപ്പ്.*

17. സ്വന്തമായി ആസ്ഥാന മന്ദിരം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞ ജില്ലാ പഞ്ചായത്തുകൾ, അവർക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുള്ള ഉദ്യോഗസ്ഥർ ജില്ലാ പഞ്ചായത്ത് ആസ്ഥാനത്തു തന്നെ തങ്ങളുടെ ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

*നടപടി: തദ്ദേശഭരണ വകുപ്പ്.*

*യോഗത്തിൽ പങ്കെടുത്തവർ*

1. ശ്രീ.പാലൊളി മുഹമ്മദ്കുട്ടി (തദ്ദേശഭരണവകുപ്പ് മന്ത്രി)
2. ഡോ: ടി.എം. തോമസ് ഐസക് (ആസൂത്രണബോർഡ് അംഗം)
3. എസ്.എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)
4. അമിതാഭ് കാന്ത് (സെക്രട്ടറി, ഗ്രാമവികസന വകുപ്പ്)
5. ഡോ കെ.എം. എബ്രഹാം (സെക്രട്ടറി, ധനകാര്യവകുപ്പ്)
6. പി. കമാൽകുട്ടി (പഞ്ചായത്ത് ഡയറക്ടർ)
7. ഡോ. സി.കെ. ജോർജ് (മുനിസിപ്പൽ ഭരണവകുപ്പ് ജോയിൻറ് ഡയറക്ടർ)
8. എച്ച്.കെ. പിഷാരടി (തദ്ദേശഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
9. എൻ. ജഗജീവൻ (ക്യാമ്പയിൻ സെൽ)
10. വി.ജി. മനമോഹൻ (ക്യാമ്പയിൻ സെൽ)

# ജനകീയാസൂത്രണ പ്രസ്ഥാനം

*(18-1-99, വൈകുന്നേരം 5.30ന് ബഹു: തദ്ദേശഭരണവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കവടിയാർ ഹൗസിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനങ്ങൾ)*

1. DPC അംഗീകരിച്ച പ്രോജക്ടുകൾ സാങ്കേതിക കാരണങ്ങളാൽ മാറ്റം വരുത്തുന്നതിന് അനുവദിക്കാം. ഇപ്രകാരം മാറ്റം വരുത്തുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 20 ആയിരിക്കും. മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

   *നടപടി: ആസൂത്രണ ബോർഡ്*

2. സബ്സിഡി സംബന്ധിച്ച ഉത്തരവു പുറപ്പെടുവിക്കുന്നതിനു മുമ്പ് തദ്ദേശഭരണസ്ഥാപനങ്ങൾ രൂപീകരിച്ച പ്രോജക്ടുകൾക്ക് അംഗീകാരം നൽകാവുന്നതാണ്.

   *നടപടി: തദ്ദേശഭരണ വകുപ്പ്*

3. പദ്ധതി വിഹിതത്തിന്റെ 90% തൽവർഷം ചെലവഴിച്ചിരിക്കണം എന്നത് 75 ശതമാനമായി മാറ്റുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കണം.

   *നടപടി: തദ്ദേശഭരണവകുപ്പ്*

4. എഞ്ചിനീയർമാർ ഇല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് BLEC യിൽ അംഗങ്ങളായ പ്രൈവറ്റ് എഞ്ചിനിയർമാരെ ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകാവുന്നതാണ്. ഉത്തരവു പുറപ്പെടുവിക്കണം.

   *നടപടി: തദ്ദേശഭരണവകുപ്പ്*

5. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സാങ്കേതികാനുമതിയും നടത്തിപ്പും സംബന്ധിച്ച് ഗ്രാമവികസന വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച (Rt) No:15/99/RDD/ Number 7.1.99 ലെ ഉത്തരവിന്റെ പരിധിയിൽ നിന്ന് ഗ്രാമപഞ്ചായത്തുകളെ ഒഴിവാക്കാൻ തീരുമാനിച്ചു. പരിഷ്കരിച്ച ഉത്തരവു പുറപ്പെടുവിക്കണം.

   *നടപടി: ഗ്രാമവികസന വകുപ്പ്*

6. കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള പ്രോജക്ടുകളിൽ ഇതുവരെ തുക ചെലവഴിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുടർന്നുള്ള ഗഡുവിഹിതം നഷ്ടപ്പെടുമെന്ന വ്യവസ്ഥ ഏർപ്പെടുത്തണം.

   *നടപടി: ഗ്രാമവികസന വകുപ്പ്*

7. വ്യക്തിഗത പ്രോജക്ടുകൾക്ക് ആവശ്യമായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 10 ആയി നിശ്ചയിച്ചു.

   *നടപടി: തദ്ദേശഭരണ വകുപ്പ്.*

8. ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്കായിട്ടുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ ഏതെങ്കിലും ഗ്രാമപഞ്ചായത്ത് യഥാസമയം തെരഞ്ഞെടുത്ത് നൽകുന്നില്ലെങ്കിൽ (അവർക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ന്യായമായ സമയം അനുവദിച്ച ശേഷവും ലിസ്റ്റ് നൽകാതിരുന്നാൽ) പ്രസ്തുത പഞ്ചായത്തിനെ ഒഴിവാക്കി മറ്റ് പഞ്ചായത്ത് പ്രദേശങ്ങളിൽ ടി പദ്ധതി നടപ്പാക്കുവാൻ അനുവദിക്കാവുന്നതാണ്. അതുപോലെതന്നെ ഒരു ഗ്രാമപഞ്ചായത്തിലെ ഒരു വാർഡിൽ ഇപ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് യഥാസമയം നടക്കുന്നില്ലെങ്കിൽ മറ്റ് വാർഡുകളിൽ പദ്ധതി നടപ്പിലാക്കാം.ഇത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കണം.

   *നടപടി: തദ്ദേശഭരണ വകുപ്പ്.*

9. 15 ലക്ഷം രൂപാവരെയുള്ള പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് BLEC കൾക്ക് അനുമതി നൽകാവുന്നതാണ്.

   *നടപടി: തദ്ദേശഭരണ വകുപ്പ്*

10. ബ്ലോക്ക് പഞ്ചായത്തുകൾ വിദ്യാഭ്യാസ പ്രോജക്ടുകൾ ഏറ്റെടുക്കരുത് എന്ന ഉത്തരവ് ആവശ്യമായ വിശദീകരണത്തോടെ പരിഷ്കരിക്കണം

    *നടപടി: തദ്ദേശഭരണ വകുപ്പ്.*

11. DRDA യിൽ ഡെപ്പോസിറ്റ് ചെയ്ത തുക ചെലവായി പരിഗണിക്കേണ്ടതില്ല.

    *നടപടി: ധനകാര്യ വകുപ്പ്/ ആസൂത്രണ ബോർഡ്*

12. DRDA യിൽ നിലവിലുള്ള സ്റ്റാഫിനെ ഫെബ്രുവരി 1 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം ജില്ലാ പഞ്ചായത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കണം.

    *നടപടി: സെക്രട്ടറി, തദ്ദേശഭരണവകുപ്പ്/ കമ്മീഷണർ, ഗ്രാമവികസന വകുപ്പ്*

13. മരാമത്തുപണികളുടെ മെഷർമെൻറ് സംബന്ധിച്ച് തർക്കമുണ്ടായാൽ BLEC യുടെ ഒരു സബ്കമ്മിറ്റി പരാതിയിന്മേൽ (പരാതി ലഭിച്ച് മൂന്ന് ദിവസത്തിനുള്ളിൽ) തീരുമാനമെടുക്കണം. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

*നടപടി : തദ്ദേശഭരണവകുപ്പ്/ ആസൂത്രണബോർഡ്*

14. RIDF റോഡുപണികൾ: ഗുണഭോക്തൃ കമ്മിറ്റികൾ ഏറ്റെടുത്ത ഈ പ്രവർത്തികൾ ജനുവരി 25ന് മുമ്പ് പണിയാരംഭിക്കാത്തവ ടെണ്ടർ ചെയ്യുവാൻ നടപടി സ്വീകരിക്കണം.

*നടപടി : ഗ്രാമവികസന വകുപ്പ്*

15. ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകളിൽ യഥാക്രമ ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർ/ബ്ലോക്കിലെ ജി.ഇ.ഒ. അല്ലെങ്കിൽ മറ്റൊരുദ്യോഗസ്ഥൻ/വി.ഇ.ഒ. എന്നിവരെ നോഡൽ ഓഫീസർമാരായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇവരുടെകർത്തവ്യങ്ങളും ചുമതലകളും ഒന്നുകൂടി വ്യക്തമാക്കിക്കൊണ്ട് സർക്കുലർ പുറപ്പെടുവിക്കണം.

*നടപടി : ആസൂത്രണ വകുപ്പ്*

16. തദ്ദേശഭരണസ്ഥാപനങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന 10000 രൂപ വരെയുള്ള അറ്റകുറ്റപ്പണികൾക്ക് ഡി.പി.സി. യുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതില്ല. വർക്ക് റൂൾ പ്രകാരമായിരിക്കണം പണി നടത്തേണ്ടത്. ഇത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

*നടപടി : തദ്ദേശഭരണവകുപ്പ്*

17. കോസ്റ്റ്ഫോർഡ്, നിർമ്മിതി കേന്ദ്രം എന്നിവയെ പദ്ധതി നിർവ്വഹണത്തിനുള്ള അംഗീകൃത ഏജൻസികളാക്കുന്ന കാര്യം പരിഗണിച്ചു. ഗുണഭോക്തൃ സമിതികൾ എന്നപോലെ പരിഗണിച്ച് ഈ ഏജൻസികൾക്ക് കരാർ നൽകാം. നിർമ്മിതി കേന്ദ്രം നിലവിലുള്ള നിരക്ക് അംഗീകരിക്കുന്നുവെങ്കിൽ മാത്രം ഈ വ്യവസ്ഥ ബാധകമാക്കാം.ഇക്കാര്യം സംബന്ധിച്ച് നിർമ്മിതി കേന്ദ്രം ഭാരവാഹികളുമായി ചർച്ചചെയ്യണം.

*നടപടി: സെക്രട്ടറി, തദ്ദേശഭരണവകുപ്പ്*

18. SILK നെ അംഗീകൃത നിർവഹണ ഏജൻസിയാക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

*നടപടി: തദ്ദേശഭരണ വകുപ്പ്*

19. സഹകരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നത് വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം. അല്ലാതെ വർക്കിംഗ് ക്യാപ്പിറ്റൽ ഗ്രാന്റ്, ലോൺ മാനേജീരിയൽ സബ്സിഡി എന്നിങ്ങനെ ഉപാധിരഹിത ഗ്രാന്റ് അനുവദിക്കാൻ പാടില്ല. ധനസഹായം നൽകേണ്ട സഹകരണസ്ഥാപനങ്ങൾക്കുള്ള മാനദണ്ഡം നിശ്ചയിക്കുന്നതിൽ DPC കൾക്ക് വിവേചനാധികാരം ഉപയോഗിക്കാം.

*നടപടി: ആസൂത്രണവകുപ്പ്*

20. കൃഷിഭൂമി വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രത്യേകാനുമതിക്കായി തദ്ദേശഭരണസ്ഥാപനങ്ങൾ അപേക്ഷിച്ചിട്ടുണ്ട്. പരമാവധി അനുവദിക്കാവുന്ന സബ്സിഡി 10000 രൂപ ആയിരിക്കും. എന്നാൽ പഞ്ചായത്തിൽ അർഹതപ്പെട്ട എല്ലാപേർക്കും കിടപ്പാടം ലഭ്യമാക്കിയ ശേഷം കൃഷിഭൂമി നൽകുന്ന പ്രോജക്ടുകൾ പ്രോത്സാഹിപ്പിച്ചാൽ മതിയാകും എന്ന് തീരുമാനിച്ചു. ഇക്കാര്യം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കണം.

*നടപടി: തദ്ദേശഭരണ വകുപ്പ്/ ആസൂത്രണ ബോർഡ്*

21. ഓട്ടോറിക്ഷയ്ക്കുള്ള സബ്സിഡി– പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരമാവധി 20,000 രൂപയും പൊതു വിഭാഗത്തിൽ 10,000 രൂപയും അനുവദിക്കാം. ഉത്തരവു് പുറപ്പെടുവിക്കണം.

*നടപടി: തദ്ദേശഭരണവകുപ്പ്*

22. പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രത്യേകം അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഓട്ടോറിക്ഷാ പദ്ധതിക്ക് 5 പേർ എങ്കിലും ചേർന്നുള്ള ഗ്രൂപ്പ് സംരംഭമാണെങ്കിൽ IRDP യിലെന്ന പോലെ 50% സബ്സിഡി അനുവദിക്കാം. ഇക്കാര്യത്തിൽ പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതിയുമായി സംയോജിപ്പിച്ച് ധനസഹായം നേരിടുന്ന കാര്യം പരിശോധിക്കുവാൻ നിർദ്ദേശിക്കണം. ഗുണഭോക്താക്കളെ ഗ്രാമസഭവഴിയല്ല തെരഞ്ഞെടുക്കുന്നതെങ്കിൽ പത്ര പരസ്യത്തിലൂടെ വേണം അപേക്ഷ ക്ഷണിച്ച്(ഇവർ മുന്നേക്ക് മാത്രം) തെരഞ്ഞെടുപ്പ് നടത്തുവാൻ

*നടപടി: തദ്ദേശഭരണ വകുപ്പ്*

23. കർഷക സമിതികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവക്ക് വാങ്ങി നൽകുന്ന കാർഷികോപകരണങ്ങൾക്ക് പൂർണ്ണ സബ്സിഡി അനുവദിക്കാവുന്നതാണ്.

*നടപടി: തദ്ദേശഭരണവകുപ്പ്.*

24. വള്ളം, വല, OBM,എന്നിവക്ക് NCDC സ്കീമിലെ നിരക്കിൽ സബ്സീഡി അനുവദിക്കാം.

*നടപടി: തദ്ദേശഭരണ വകുപ്പ്.*

25. വ്യക്തിഗത കയ്യാല നിർമ്മാണം : പരമാവധി സബ്സിഡി 10,000/- രൂപ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പൂർണ്ണ സബ്സിഡി

26. മഴക്കുഴി നിർമ്മാണം : സബ്സിഡി അതായത് ബി.എൽ.ഇ.സി.കൾക്ക് നിശ്ചയിക്കാം. വ്യക്തിഗത പരിധി ബാധകം.

*നടപടി : തദ്ദേശ ഭരണവകുപ്പ്*

27. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ പദ്ധതി രേഖാ എസ്.എൽ.ഇ.സി. പരിശോധിച്ച് നൽകിയ റിപ്പോർട്ടിന്മേൽ അവർക്കുള്ള ആക്ഷേപങ്ങൾ സംബന്ധിച്ച് ജില്ലാ പഞ്ചായത്തു പ്രസിഡൻറുമായി ആസൂത്രണ വകുപ്പു സെക്രട്ടറി ചർച്ച ചെയ്യണം.

*നടപടി: സെക്രട്ടറി, ആസൂത്രണ വകുപ്പ്.*

28. മാവേലിക്കര, കായംകുളം മുനിസിപ്പാലിറ്റികളിലെ എസ്.ജെ.എസ്.ആർ.വൈ പദ്ധതി നടത്തിപ്പ് എ.ഡി.എസ്./സി.ഡി.എസ് സംവിധാനം എന്നിവയെക്കുറിച്ച് ഉണ്ടായിട്ടുള്ള പരാതികൾ പരിശോധിക്കാൻ തദ്ദേശഭരണവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. റ്റി.കെ.ജോസിനെ നിയോഗിക്കുവാൻ തീരുമാനിച്ചു.

*നടപടി: സെക്രട്ടറി, തദ്ദേശഭരണ വകുപ്പ്.*

29. പ്രത്യേകാനുമതിക്കായി ലഭിച്ചവയിൽ അംഗീകരിച്ച പ്രോജക്ടുകൾ

1. പള്ളം ബ്ലോക്ക് പഞ്ചായത്തിന്റെ വനിതാ ഹോട്ടൽ പ്രോജക്ട്. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കുടിവെള്ളം നൽകുന്ന പ്രോജക്ട് എന്നിവ അംഗീകരിച്ചു. കുടിവെള്ള പ്രോജക്ട് പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തണം.
2. കാസർഗോഡ് ജില്ലാ പഞ്ചായത്ത് കഴിഞ്ഞ വർഷം പ്രൈവറ്റ് എഞ്ചിനീയർമാരെ ഏർപ്പെടുത്തിയ നടപടി അംഗീകരിച്ചു.
3. കൂത്തുപറമ്പ് നഗരസഭ സ്ഥലം വാങ്ങുന്നതിനായി സമർപ്പിച്ച പ്രോജക്ട് അംഗീകരിച്ചു.
4. കുന്നമംഗലം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് മുമ്പ് അനുവദിച്ച തുകയുടെ 50 ശതമാനം തുക കൂട്ടി തുക ഉപാധിരഹിത ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ അനുമതി നൽകാം.
5. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് ജീപ്പ് വാങ്ങുന്നതിന് അനുമതിനൽകാം.
6. കൊയിലാണ്ടി നഗരസഭ സമർപ്പിച്ച മത്സ്യബന്ധന ഉപകരണങ്ങൾ നൽകൽ, വനിതാ ഓട്ടോറിക്ഷ പദ്ധതി എന്നിവ അംഗീകരിച്ചു. പദ്ധതികൾ എം.എൽ.ഇ.സിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണം.
7. പെരളശേരി ഗ്രാമ പഞ്ചായത്തിന്റെ പ്രോജക്ടിൽ ചൂടാറപ്പെട്ടി വിതരണ പ്രോജക്ട് അംഗീകരിച്ചു. ഇലക്ടോണിക് ചോക്ക്, സി.എഫ്.എൽ. എന്നിവ അംഗീകരിക്കുന്നില്ല.
8. മുള്ളൂർക്കര ഗ്രാമപഞ്ചായത്തിന്റെ ജൈവവളനിർമ്മാണ പ്രോജക്ട് അംഗീകരിച്ചു.
9. കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ പട്ടികജാതിക്കാർക്കായുള്ള പുകയില്ലാത്ത അടുപ്പ് വിതരണ പ്രോജക്ട് അംഗീകരിച്ചു.
10. ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ ഏകാധ്യാപക സ്കൂളിലെ ടീച്ചർക്കുള്ള വേതനം പദ്ധതിവിഹിതത്തിൽ നിന്ന് നൽകാനാവില്ല. പഠനോപകരണങ്ങൾ, ഫർണിച്ചർ എന്നിവ നൽകാം. ടീച്ചറുടെ വേതനം അനൗപചാരിക വിദ്യാഭ്യാസ പരിപാടിയുമായി സംയോജിപ്പിക്കാനാവുമോ എന്ന് പരിശോധിക്കുവാൻ നിർദ്ദേശിക്കാം.
11. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ലക്ഷം വീട് കോളനി ഒറ്റവീടാക്കുന്ന പ്രോജക്ട് അംഗീകരിച്ചു.
12. പടിഞ്ഞാറേത്തറ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക ഭവന നിർമ്മാണ പ്രോജക്ടിന് അംഗീകാരം നൽകി.
13. വിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ പട്ടിക ജാതിക്കാർക്ക് വീടുവയ്ക്കാൻ 3 സെൻറ് സ്ഥലം നൽകുന്നതിനുള്ള പേജ്രാക്ട് അംഗീകരിച്ചു.
14. ആകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ ചൂടാറപ്പെട്ടി നൽകുന്ന പദ്ധതി അംഗീകരിച്ചു.
15. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ വിജയശ്രീ പദ്ധതി, ഓണറേറിയം മൂന്ന് മാസമായി ചുരുക്കിക്കൊണ്ട് സമർപ്പിച്ച നിർദ്ദേശം അംഗീകരിച്ചു.
16. കൊപ്പം ഗ്രാമപഞ്ചായത്തിന്റെ വായനശാലകൾക്ക് പത്രവിതരണം, ഉഴവുമാടു വളർത്തൽ എന്നീ പദ്ധതികൾ അംഗീകരിച്ചു.
17. വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച പ്രോജക്ട് ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് അംഗീകരിച്ചു.

18. കോഴഞ്ചേരി ഗ്രാമപഞ്ചായത്തിന് ട്രാക്ടർ വാങ്ങുന്നതിനുള്ള പ്രോജക്ട് അംഗീകരിച്ചു.

19. കാമാക്ഷി ഗ്രാമപഞ്ചായത്ത്: ഗുണഭോക്തൃ വിഹിതം സന്നദ്ധസേവനം മാത്രമാണെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥർ സന്നദ്ധ പ്രവർത്തനത്തിൻെറ കണക്ക് മാത്രം സൂക്ഷിച്ചാൽ മതിയാകും. ഹൗസിങ്ങ് ബോർഡിന് അടക്കുവാനുള്ള ഗുണഭോക്തൃ വിഹിതം പഞ്ചായത്തു തന്നെ ശേഖരിച്ച് ബോർഡിൽ അടക്കുന്നതിന് അനുമതി നൽകാവുന്നതാണ്. ഗുണഭോക്തൃവിഹിതം വ്യക്തികളിൽ നിന്ന് പിരിച്ചെടുത്ത് മാത്രമേ ഹൗസിംഗ് ബോർഡിന് അടക്കുവാൻ പാടുള്ളു. ഇതിനായി പദ്ധതി വിഹിതം മുൻകൂർ ചിലവാക്കാൻ പാടില്ല. പാത്രങ്ങൾ നൽകുന്ന പദ്ധതി അംഗീകരിക്കുന്നില്ല.

21. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്തിൻെറ ലക്ഷം വീട് അറ്റകുറ്റപ്പണിക്കുള്ള പ്രോജക്ട് ഒഴികെ മണ്ണ് സംരക്ഷണം, പന്നിവളർത്തൽ, കോഴിവളർത്തൽ, പശുവളർത്തൽ തൊഴുത്ത് നിർമ്മാണം, എന്നീ പ്രോജക്ടുകൾ അംഗീകരിച്ചു.

22. *കണ്ണൂർ ജില്ലാ ആസൂത്രണ സമിതി പ്രത്യേകാനുമതിക്കായി സമർപ്പിച്ച പ്രോജക്ടുകൾ*

കണ്ണൂർ സ്നേഹ ഭവന് ആമ്പുലൻസ് നൽകുന്ന പ്രോജക്ടും, ശ്രീനാരായാണ റസിഡൻഷ്യൽ സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കുന്ന പ്രോജക്ടും അംഗീകരിച്ചു.

മാലൂർ ഗ്രാമപഞ്ചായത്തിൻെറ തോടിൻെറ പാർശ്വ ഭിത്തി കെട്ടൽ :- ബി.എൽ.ഇ.സി. പരിശോധിച്ച് കാർഷിക മേഖലയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ശുപാർശ ചെയ്താൽ അപ്രകാരം അനുവദിക്കാവുന്നതാണ്.

*മറ്റ് മൃഗസംരക്ഷണ പ്രോജക്ടുകൾ :* കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് പരിപാടി

"കാമധേനു ഇൻഷ്വറൻസ് പദ്ധതി"യായി മാറ്റിക്കൊണ്ട് അംഗീകാരം നൽകാവുന്നതാണ്.

ചെമ്പിലോട് പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ജീവനക്കാരേയും ഇൻഷ്വർ ചെയ്യുന്ന പദ്ധതി അംഗീകരിക്കുന്നില്ല.

സ്കൂൾ കുട്ടികൾക്ക് കുട നൽകുന്ന സ്കീം അംഗീകരിക്കുന്നില്ല.

30. ആലപ്പുഴ കോട്ടയം ജില്ലകളിലെ ഡി.ആർ.ഡി.എ. പ്രോജക്ട് ഓഫീസർമാരെക്കുറിച്ച് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി മേൽ നടപടികൾ സ്വീകരിക്കണം.

*നടപടി : സെക്രട്ടറി, ഗ്രാമവികസന വകുപ്പ്*

31. ജില്ലാതലത്തിൽ രൂപീകരിക്കുന്ന പ്ലാൻ കോ-ഓർഡിനേഷൻ സെല്ലിൻെറ അദ്ധ്യക്ഷൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ആയിരിക്കണം.

*നടപടി : ആസൂത്രണ വകുപ്പ്*

32. ഫെബ്രുവരി മധ്യത്തോടെ HLGC എക്സിക്യൂട്ടീവ് യോഗം ചേരുന്നതിന് മുഖ്യമന്ത്രിയുടെ സൗകര്യം കൂടി പരിഗണിച്ച് തീയതി നിശ്ചയിക്കണം.

*നടപടി: തദ്ദേശഭരണ വകുപ്പ്*

33. കോ-ഓർഡിനേഷൻ കമ്മിറ്റി ഔപചാരികമായി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണം.

*നടപടി: തദ്ദേശഭരണവകുപ്പ്*

**യോഗത്തിൽ പങ്കെടുത്തവർ**

1. സർവ്വശ്രീ പാലൊളി മുഹമ്മദുകുട്ടി *(ബഹു: തദ്ദേശഭരണവകുപ്പ് മന്ത്രി)*
2. ഡോ. ടി.എം. തോമസ് ഐസക് *(ആസൂത്രണ ബോർഡ് അംഗം)*
3. എസ്.എം. വിജയാനന്ദ് *(സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)*
4. അമിതാഭ് കാന്ത് *(സെക്രട്ടറി, ഗ്രാമവികസന വകുപ്പ്)*
5. കെ.എൻ.കുറുപ്പ് *(സെക്രട്ടറി, ആസൂത്രണ വകുപ്പ്)*
6. പി.കമാൽകുട്ടി *(പഞ്ചായത്ത് ഡയറക്ടർ)*
7. എസ്. പരമേശ്വരൻ നായർ *(മുനിസിപ്പൽ ഡയറക്ടർ)*
8. വി. ശിശുപാലൻ *(അഡീഷണൽ ഡെവലപ്മെൻറ് കമ്മീഷൻ)*
9. എച്ച്.കെ. പിഷാരടി *(തദ്ദേശഭരണവകുപ്പ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)*
10. എൻ. ജഗജീവൻ *(ക്യാമ്പയിൻ സെൽ)*
11. വി.ജി. മനമോഹൻ *(ക്യാമ്പയിൻ സെൽ)*

# ജനകീയാസൂത്രണ പ്രസ്ഥാനം

*(28.1.99 രാവിലെ 8.30 ന് ബഹു: തദ്ദേശഭരണവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനങ്ങൾ)*

1. മുനിസിപ്പാലിറ്റികൾ ഏറ്റെടുക്കുന്ന തനത് ഫണ്ട് ഉപയോഗിച്ചുള്ള മെയിൻറനൻസ് പ്രോജക്ടുകൾ എം.എൽ.ഇ.സി.യുടെ അനുമതി ഇല്ലാതെ തന്നെ നടപ്പാക്കുവാൻ അനുവദിക്കാവുന്നതാണ്. എത്ര തുകക്കു വരെയുള്ള പ്രവൃത്തികൾക്ക് ഇപ്രകാരം അനുമതി നൽകാം എന്നത് മുനിസിപ്പൽ ഡയറക്ടറുമായി ചർച്ച ചെയ്ത് തീരുമാനിക്കണം. പ്രവർത്തിച്ചട്ടങ്ങൾക്കനുസണമായിട്ടായിരിക്കണം പണികൾ നടത്തേണ്ടത്.

   *നടപടി: തദ്ദേശ രണവകുപ്പ്*

2. ടെൻഡർ എക്സസിനുള്ള പ്രത്യേകാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ എത്രയും വേഗം തീർപ്പു കൽപ്പിച്ച് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

   *നടപടി: തദ്ദേശഭരണവകുപ്പ്*

3. ഗുണഭോക്തൃ വിഹിതം ശേഖരിച്ച് നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകുന്നതിന് നിലവിലുള്ള നടപടിക്രമം കാലതാമസം ഉണ്ടാക്കുന്നതിനാൽ ആയത് പരിഷ്കരിക്കുവാൻ തീരുമാനിച്ചു.

   *നടപടി: ധനകാര്യ വകുപ്പ്*

4. ഗുണഭോക്തൃ കമ്മിറ്റികൾക്ക് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങുവാൻ അനുവാദം നൽകുന്നതിന് തീരുമാനിച്ചു.

   *നടപടി: ധനകാര്യ വകുപ്പ്*

5. വി.ഇ.ഒ. മാർക്ക് ഇംപ്രസ്റ്റ്അക്കൗണ്ട് അനുവദിക്കുവാൻ തീരുമാനിച്ചു.

   *നടപടി: ധനകാര്യ വകുപ്പ്*

6. വൈദ്യുതിബോർഡ് ഏറ്റെടുത്ത ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച് വൈദ്യുതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബോർഡ് ഭാരവാഹികളുമായി ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു.

   *നടപടി: ആസൂത്രണ ബോർഡ്*

7. എഞ്ചിനീയർമാരുടെ സാമ്പത്തികാധികാരങ്ങൾ കുറച്ചതു സംബന്ധിച്ച് ചർച്ച ചെയ്തു. ഈ ഉത്തരവു പ്രകാരം വിദഗ്ദ്ധ സമിതികളുടെ സാമ്പത്തികാധികാരങ്ങൾ കുറയുമെന്നതിനാൽ പദ്ധതിയുടെ രൂപീകരണം മുതൽ നിർവഹണ പൂർത്തിയാക്കുന്നതു വരെയുള്ള ഘട്ടങ്ങളിൽ കാലതാമസം ഉണ്ടാവും. അതിനാൽ പ്രസ്തുത ഉത്തരവിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിന് ശുപാർശ ചെയ്യുന്നു. ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകുന്നത് തദ്ദേശഭരണസ്ഥാപനങ്ങൾ ആയതിനാൽ, ഭരണാനുമതി നൽകുന്നതിനൊഴികെയുള്ള അധികാരങ്ങൾ വിദഗ്ദ്ധസമിതി പ്രവർത്തനങ്ങളുടെ ഭാഗമായി പുന:സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

   *നടപടി: ധനകാര്യവകുപ്പ്*

8. അപ്രിൻറീസ് എഞ്ചിനീയർമാർ ഉള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി, ആവശ്യമെങ്കിൽ പ്രൈവറ്റ് എഞ്ചിനീയർമാരെ ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകാവുന്നതാണ്. (ഈ അനുമതി ഈ സാമ്പത്തിക വർഷത്തേക്ക് മാത്രമായിരിക്കും).

   *നടപടി: തദ്ദേശഭരണവകുപ്പ്*

9 ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങി നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണം. മെഷീൻ സംബന്ധിച്ച സാങ്കേതിക ഉപദേശം നൽകുന്നതിനായി വിദഗ്ദ്ധരുടെ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.

   *നടപടി: തദ്ദേശഭരണ വകുപ്പ്*

10. ചെറുകിട ജലസേചന പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി ഈ വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ഒരു സംസ്ഥാനതല കോൺഫറൻസ് ചേരണം.

    *നടപടി: തദ്ദേശഭരണ വകുപ്പ്/ആസൂത്രണ ബോർഡ്*

11. ചെറുകിട ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നിർവഹണോദ്യോഗസ്ഥരാക്കുവാൻ തീരുമാനിച്ചു.

    *നടപടി: തദ്ദേശഭരണവകുപ്പ്*

12. പദ്ധതി നിർവ്വഹണത്തിൻെറ അവസാന മാസങ്ങളായ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ട്രഷറി നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

*നടപടി: ധനകാര്യവകുപ്പ്*

13. ഡി.പി.സി. അംഗീകരിച്ച പ്രോജക്ടുകളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് കഴിഞ്ഞ വർഷം നൽകിയിരുന്ന നിർദ്ദേശങ്ങൾ തന്നെ പിന്തുടരാവുന്നതാണ്. ഉത്തരവ് പുറപ്പെടുവിക്കണം.

*നടപടി: ആസൂത്രണ വകുപ്പ്*

14. ജില്ലയിൽ രൂപീകരിക്കുന്ന പ്ലാൻ കോ-ഓർഡിനേഷൻ സെൽ തയ്യാറാക്കുന്ന റിവ്യൂറിപ്പോർട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറിന് നൽകാൻ വ്യവസ്ഥ വേണം. സെല്ലിൻെറ ചെയർമാനായി ജില്ലാപഞ്ചായത്ത് പ്രസിഡൻറിനെ നിശ്ചയിച്ചുകൊണ്ടുള്ള 18.1.99-ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം ഇപ്രകാരം പരിഷ്കരിച്ചു.

*നടപടി: ആസൂത്രണ ബോർഡ്*

15. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ പദ്ധതി നടത്തിപ്പിലെ അപാകതകളെക്കുറിച്ച് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിന് തദ്ദേശഭരണവകുപ്പ്, ധനകാര്യവകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നിവ ചേർന്ന ഒരു സംയുക്ത അന്വേഷണ സമിതിയെ നിയോഗിക്കുവാൻ തീരുമാനിച്ചു.

*നടപടി: തദ്ദേശഭരണ വകുപ്പ്*

16. DRDA - ലീൻ സീസൺ നിശ്ചയിച്ചതു സംബന്ധിച്ച് വൈക്കം, കുന്നുമ്മൽ, ബ്ലോക്കുകളിൽ നിന്ന് ലഭിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കണം.

*നടപടി: ഗ്രാമവികസനവകുപ്പ് അഡീഷണൽ ഡയറക്ടർ*

17. വടകര കാർഷിക കമ്പനിക്കുള്ള ധനസഹായം സംബന്ധിച്ച്:- ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായ പ്രകാരമുള്ള പ്രോജക്ടാണെങ്കിൽ ധനസഹായം നൽകുന്നതിന് അനുമതി നൽകാം.

*നടപടി: ആസൂത്രണ ബോർഡ്*

18. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, മുതലമട ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ ജീപ്പ് വാങ്ങുന്നതിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് മേൽനടപടികൾ സ്വീകരിക്കുന്നതിനായി നൽകി.

*നടപടി: കമ്മീഷണർ, ഗ്രാമവികസന വകുപ്പ്/ പഞ്ചായത്ത് ഡയറക്ടർ*

19. ബ്ലോക്കു പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള വാഹനത്തിൻെറ ഇന്ധന ചെലവിലേക്കായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായ ബ്ലോക്കു പഞ്ചായത്തുകൾക്ക്, തദ്ദേശഭരണവകുപ്പിൽ നിന്നും അനുവദിക്കുന്ന ബ്ലോക്ക് ഗ്രാൻറിൽ നിന്നും തുക ചെലവാക്കുന്നതിന് പെർമിസീവ് സാംങ്ഷൻ നൽകാവുന്നതാണ്.

*നടപടി: തദ്ദേശഭരണ വകുപ്പ്*

**യോഗത്തിൽ പങ്കെടുത്തവർ**

1. സർവ്വശ്രീ പാലൊളി മുഹമ്മദുകുട്ടി *(ബഹു: തദ്ദേശഭരണവകുപ്പ് മന്ത്രി)*
2. ഡോ. ടി.എം. തോമസ് ഐസക് *(ആസൂത്രണ ബോർഡ് അംഗം)*
3. എസ്.എം. വിജയാനന്ദ് *(സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)*
4. ഡോ. കെ.എം. എബ്രഹാം*(സെക്രട്ടറി, ധനകാര്യവകുപ്പ്)*
5. കെ.എൻ.കുറുപ്പ് *(സെക്രട്ടറി, ആസൂത്രണ വകുപ്പ്)*
6. പി.കമാൽകുട്ടി *(പഞ്ചായത്ത് ഡയറക്ടർ)*
7. വി. ശിശുപാലൻ *(അഡീഷണൽ ഡെവലപ്മെൻറ് കമ്മീഷണർ)*
8. എച്ച്.കെ.പിഷാരടി *(തദ്ദേശഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)*
9. ഡോ. ജോയ് ഇളമൺ *(ക്യാമ്പയിൻ സെൽ)*
10. എൻ. ജഗജീവൻ *(ക്യാമ്പയിൻ സെൽ)*
11. വി.ജി. മനമോഹൻ *(ക്യാമ്പയിൻ സെൽ)*

# ജനകീയാസൂത്രണ പ്രസ്ഥാനം

*(3-2-99-ൽ ബഹു: തദ്ദേശഭരണ വകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ, നിയമസഭാ മന്ദിരത്തിൽവച്ചു ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനങ്ങൾ)*

1. നിർവ്വഹണോദ്യോഗസ്ഥർക്ക് പ്രോജക്ടുകൾ നടപ്പാക്കുവാനായി നൽകിയ തുകയിൽ ബാക്കിവരുന്ന തുക തുടർന്നുള്ള പ്രോജക്ടുകൾക്ക് ചെലവഴിക്കുവാൻ അനുവദിക്കാം. പ്രോജക്ടുകളിൽ മാറ്റം വരുത്തുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ മാറുന്ന സാഹചര്യമുണ്ടായാൽ, അതിലേക്കായി ഫണ്ട് കൈമാറുന്നതിനുള്ള നടപടിക്രമം രൂപീകരിക്കണം.

   *നടപടി: ധനകാര്യവകുപ്പ്*

2. ഗ്രാമസഭ ചേരാത്ത വാർഡുകളിൽ വ്യക്തിഗത ഗുണഭോക്തൃപ്രോജക്ടുകൾ നടപ്പാക്കുവാൻ അനുമതി നൽകേണ്ടതില്ല. അമരമ്പലം ഗ്രാമപ്പഞ്ചായത്തിന്റെ അപേക്ഷയിന്മേൽ ഇപ്രകാരം മറുപടി നൽകാം.

   *നടപടി: തദ്ദേശഭരണവകുപ്പ്*

3. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ വനിതാ ഭവന നിർമാണ ധനസഹായപദ്ധതിക്ക് ഗുണഭോക്തൃ പഞ്ചായത്തുകളെ തെരഞ്ഞെടുത്തത് സംബന്ധിച്ച്:- നിശ്ചിത മാനദണ്ഡപ്രകാരമല്ലാതെ ഗുണഭോക്തൃ പഞ്ചായത്തുകൾ തെരഞ്ഞെടുത്തത് അംഗീകരിക്കുന്നില്ല.

4. ഷോളയൂർ, അഗളി, അട്ടപ്പാടി എന്നീ ഗ്രാമപ്പഞ്ചായത്തുകളിലെ പദ്ധതി രൂപീകരണ നിർവ്വഹണപ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികൾ അന്വേഷിക്കുന്നതിന് ശ്രീ. ജെയിംസ് വർഗ്ഗീസ് (അഡീഷണൽ സെക്രട്ടറി, തദ്ദേശഭരണ വകുപ്പ്) പ്രൊഫ. പി.കെ.രവീന്ദ്രൻ (ആസൂത്രണ ബോർഡ്) എന്നിവരെ നിയോഗിക്കുവാൻ തീരുമാനിച്ചു.

   *നടപടി: തദ്ദേശഭരണവകുപ്പ്*

5. പഞ്ചായത്തുകൾക്ക് ഇൻസെൻറീവ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള പണം വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കണം.

   *നടപടി: ആസൂത്രണവകുപ്പ്/തദ്ദേശഭരണ വകുപ്പ്*

6. മൂന്നാംഗഡു പദ്ധതിവിഹിതം ഫെബ്രുവരി മാസത്തിൽത്തന്നെ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു. 30% ഫണ്ട് വിനിയോഗിച്ചു കഴിഞ്ഞ പഞ്ചായത്തുകൾ വിനിയോഗ സർട്ടിഫിക്കറ്റും കഴിഞ്ഞ വർഷത്തെ വർഷാന്ത്യ കണക്കുകളും ചേർത്ത് അപേക്ഷ സമർപ്പിക്കണം. അപേക്ഷ ലഭിക്കുന്ന മുറക്ക് കഴിഞ്ഞ വർഷത്തെ ഫണ്ട് വിനിയോഗം സംബന്ധിച്ച് പരിശോധന നടത്തി, ചെലവായി കണക്കാക്കാനാവാത്ത തുക കഴിച്ച് ബാക്കി വിഹിതം അനുവദിക്കണം. കണക്കുകൾ പരിശോധിക്കുന്നതിന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തെ ഉപയോഗപ്പെടുത്താം. മൂന്നാം ഗഡു അനുവദിച്ച വിവരവും, അപേക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങളും പത്രക്കുറിപ്പായി നൽകണം. പഞ്ചായത്ത്/മുനിസിപ്പൽ ഡയറക്ടർമാർ സർക്കുലർ പുറപ്പെടുവിക്കണം.

   *നടപടി: ധനകാര്യ വകുപ്പ്/തദ്ദേശഭരണ വകുപ്പ്*

7. പദ്ധതി രൂപീകരണ ചെലവുകൾക്കെന്നപോലെ നിർവ്വഹണ ചെലവുകൾക്കും ഒരു നിശ്ചിത തുക അനുവദിക്കാവുന്നതാണ്. അതുപോലെ മെയിൻറനൻസ് ചെലവുകൾക്കായി 10% തുക നീക്കി വയ്ക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. അടുത്ത പദ്ധതി രൂപീകരണ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമ്പോൾ ഇക്കാര്യംകൂടി ഉൾപ്പെടുത്താം.

   *നടപടി: ആസൂത്രണ വകുപ്പ്*

8. റേറ്റ് കോൺട്രാക്ടർമാരിൽ നിന്ന് സാധന സാമഗ്രികൾ വാങ്ങുന്നതുപോലെ തന്നെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് അവരുടെ ഉൽപ്പന്നങ്ങൾ വാങ്ങുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കാവുന്നതാണ്.

   *നടപടി: തദ്ദേശഭരണ വകുപ്പ്/ധനകാര്യവുകുപ്പ്*

9. എയ്ഡഡ് സ്കൂളുകൾക്ക് കക്കൂസ്, കിണർ, ദക്ഷത കൂടിയ അടുപ്പ് എന്നിവ അനുവദിക്കാവുന്നതാണ്.

   *നടപടി: തദ്ദേശഭരണ വകുപ്പ്.*

10. മലപ്പുറം, എറണാകുളം ജില്ലാ പഞ്ചായത്തുകൾക്ക് കെട്ടിടഫണ്ട് അനുവദിക്കുന്നത്:- ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം അനുവദിക്കുന്ന തുകയുടെ 50% തുക കൂടി അനുവദിക്കാവുന്നതാണ്.

    *നടപടി: തദ്ദേശഭരണ ഭരണ വകുപ്പ്*

11. *പ്രത്യേകാനുമതിക്കായി ലഭിച്ച പ്രോജക്ടുകൾ*

1) തെക്കുംകര ഗ്രാമപഞ്ചായത്ത്: പട്ടികജാതി/പട്ടികവർഗ്ഗ വികസനം, വീടില്ലാത്തവർക്ക് വീടുവയ്ക്കുന്നതിന് സ്ഥലം വാങ്ങി നല്കുന്ന പ്രോജക്ട് അനുമതി നല്കുന്നു.

2) തിരുവാംകുളം ഗ്രാമപഞ്ചായത്ത്: തരിശുനിലം കൃഷിയോഗ്യമാക്കുന്നത്:- പ്രത്യേകാനുമതി നൽകുന്നില്ല.

3) പാണഞ്ചേരി ഗ്രാമപഞ്ചായത്ത്: ഗുണഭോക്താക്കളെ അയൽക്കൂട്ടം വഴി തെരഞ്ഞെടുത്തതിന് അംഗീകാരം നൽകുന്നത്:- ലിസ്റ്റ് ഗ്രാമസഭയിലവതരിപ്പിച്ച് അംഗീകാരം വാങ്ങിയിരിക്കണം.

4) പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്: പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്ന പ്രോജക്ടിന് അനുമതി നൽകുന്നു.

5) കഴക്കൂട്ടം ബ്ലോക്ക് പഞ്ചായത്ത്: ആശാൻ സ്മാരകത്തിന് ശ്രീ. കാനായ് കുഞ്ഞിരാമൻെറ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതു സംബന്ധിച്ച്:- ദേശീയ സ്മാരകമെന്ന നിലയിൽ പ്രത്യേകാനുമതി നല്കുന്നു.

6) പല്ലശ്ശന ഗ്രാമപഞ്ചായത്ത്: കുഷ്ഠരോഗ വിമുക്തരായവർക്ക് 5 ആടുകൾ വീതം പൂർണ്ണ സബ്സിഡിയോടെ വിതരണം ചെയ്യുന്നതു സംബന്ധിച്ച്:- പുനരധിവാസ പദ്ധതിയെന്ന നിലയിൽ പ്രത്യേകാനുമതി നല്കുന്നു.

7) കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്: ഓപ്പറേഷൻ ഒളിമ്പിയ, കോച്ചുകൾക്ക് ഓണറേറിയം:- ഓണറേറിയം മൂന്നു മാസത്തിനപ്പുറം അനുവദിക്കാവുന്നതല്ല.

8) പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത്: റോഡ് റോളർ വാങ്ങുന്നതിനുള്ള അനുവാദം നൽകുന്നത്:- പ്രത്യേകാനുമതി നൽകുന്നില്ല.

9) കോതമംഗലം ബ്ലോക്കു പഞ്ചായത്ത്: സംയോജിത സമ്മിശ്ര കൃഷി, മണ്ണുജല സംരക്ഷണം പ്രോജക്ടുകൾ അനുവദിക്കുന്നതു സംബന്ധിച്ച്:- നിലവിലുള്ള സബ്സിഡി നിരക്കനുസരിച്ച് നടപ്പാക്കാം. ഗുണഭോക്താക്കളെ ഗ്രാമസഭവഴി തെരഞ്ഞെടുക്കണം.

10) നിലമ്പൂർ ഗ്രാമപഞ്ചായത്ത്: വീടിൻെറ മേൽക്കൂര ഓടുമേയൽ, അപകടമരണ ഇൻഷ്വറൻസ്, അങ്കണവാടിക്ക് സഹായം എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച്:- അപകടമരണ ഇൻഷ്വറൻസ് ഒഴികെയുള്ളവയ്ക്ക് അനുമതി നല്കുന്നു.

11) ചേർപ്പ് ബ്ലോക്കു പഞ്ചായത്ത്: അലങ്കാര മത്സ്യകൃഷി, അന്ധതാ നിവാരണം എന്നീ പ്രോജക്ടുകൾ അംഗീകരിക്കുന്നതു സംബന്ധിച്ച്:- ബ്ലോക്കതിർത്തിയിലെ ഗ്രാമപഞ്ചായത്തുകൾ അലങ്കാര മത്സ്യകൃഷി ഏറ്റെടുത്തിട്ടില്ലെങ്കിൽ നടപ്പിലാക്കാം. സർക്കാർ പദ്ധതി നിലവിലുള്ളതിനാൽ അന്ധതാ നിവാരണ പദ്ധതിക്ക് പ്രത്യേകാനുമതി നല്കുന്നില്ല.

12) കോട്ടപ്പടി ഗ്രാമപഞ്ചായത്ത്: തെങ്ങിനു മരുന്നുതളി, നെല്ലിന് വേപ്പിൻ പിണ്ണാക്ക് (50%സബ്സിഡി) എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച്:- മരുന്ന് തളിക്ക് പ്രത്യേകാനുമതിയില്ല. വേപ്പിൻ പിണ്ണാക്കിന് $^{1}/_{3}$ സബ്സിഡി അനുവദിക്കാം.

13) മാടക്കത്തറ ഗ്രാമപഞ്ചായത്ത്: മുട്ടക്കോഴി വളർത്തൽ പ്രോജക്ടിന് അനുമതി നൽകുന്നു.

14) മേലടി ഗ്രാമപഞ്ചായത്ത്: പട്ടികജാതിക്കാർക്ക് വീടുകൾ പൂർത്തീകരിക്കാൻ പരമാവധി 6000/- രൂപ സബ്സിഡി അനുവദിക്കുന്നത് സംബന്ധിച്ച്:- അനുമതി നല്കുന്നു.

15. എ) തൃക്കരുവ ഗ്രാമപഞ്ചായത്ത്: പട്ടികജാതിക്കാർക്ക് കൃഷി ഭൂമി വാങ്ങുന്നതിന് 25000/- രൂപ സബ്സിഡി.

ബി) അടയമൺ ഗ്രാമപഞ്ചായത്ത്: പട്ടികജാതിക്കാർക്കു കൃഷിഭൂമി വാങ്ങുന്നതിന് 45000/- രൂപ സബ്സിഡി അനുവദിക്കുന്ന പോജക്ട്.

സി) മയ്യനാട് ഗ്രാമപഞ്ചായത്ത്: പട്ടികജാതിക്കാർക്ക് കൃഷിഭൂമി വാങ്ങി നൽകാൻ 25000/- രൂപ സബ്സിഡി അനുവദിക്കുന്ന പ്രോജക്ട്.

ഡി) പുഴക്കൽ ബ്ലോക്ക് പഞ്ചായത്ത്: പട്ടികജാതി കുടുംബങ്ങൾക്ക് കൃഷിഭൂമി വാങ്ങി നൽകുന്നതിന് 10,000/- രൂപ സബ്സിഡി നൽകുന്ന പ്രോജക്ട്.

ഇ) കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്: പട്ടികജാതിക്കാർക്ക് കൃഷിഭൂമി വാങ്ങുന്നതിനുള്ള (6000 രൂപ സബ്സിഡി) പ്രോജക്ട്.

എഫ്) മുഖത്തല ഗ്രാമപഞ്ചായത്ത്: പട്ടികജാതിക്കാർക്ക് കൃഷിഭൂമി വാങ്ങി നൽകുന്നതിന് 25000/- രൂപ സബ്സിഡി നൽകുന്ന പ്രോജക്ട്.

ജി) കിളികൊല്ലൂർ ഗ്രാമപഞ്ചായത്ത്: പട്ടികജാതിക്കാർക്ക് കൃഷി ഭൂമി വാങ്ങുന്നതിന് 14875/- രൂപ സബ്സിഡി നൽകുന്ന പ്രോജക്ട്.

*വീടില്ലാത്തവർക്കു മുഴുവൻ വീട് നല്കിയതിനു ശേഷം കൃഷിഭൂമി നല്കുന്ന പദ്ധതി ഏറ്റെടുക്കുന്നതാണ് അഭികാമ്യം. എന്നാൽ കൃഷിഭൂമി നല്കുന്ന പദ്ധതി ഏറ്റെടുക്കുന്ന പക്ഷം ഒരു കുടുംബത്തിന് പരമാവധി നല്കാവുന്ന സബ്സിഡി പതിനായിരം രൂപയിൽ അധികരിക്കരുത് എന്ന വ്യവസ്ഥയിൽ അനുമതി നൽകുന്നു. ബ്ലോക്കു പഞ്ചായത്തുകൾ ഏറ്റെടുത്ത ഇത്തരം പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ ഗ്രാമസഭ വഴി മാത്രമേ തെരഞ്ഞെടുക്കാവൂ.*

16) ഒല്ലൂക്കര ഗ്രാമപ്പഞ്ചായത്ത്: സബ്സിഡി സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് സബ്സിഡി വിതരണം ചെയ്തതിന് അംഗീകാരം:- പ്രത്യേകാനുമതി നല്കുന്നു.

17) ശ്രീനാരായണപുരം ഗ്രാമപ്പഞ്ചായത്ത്: കാർഷിക പ്രോജക്ടുകൾ:- ജൈവവളത്തിന് $^1/_3$ സബ്സിഡി, സ്പ്രിംഗ്ളർ ഇറിഗേഷൻ $^1/_3$ സബ്സിഡി (1,00,000/-) ഫിൽട്ടർ, പൈപ്പ്ലൈൻ (50,000/- വീതം) കരിക്ക്പാർലർ (10,000/-) പ്രോജക്ടുകൾ:- ജൈവവളം $^1/_3$ സബ്സിഡി അനുവദിക്കുന്നു. മറ്റ് പ്രോജക്ടുകൾക്ക് വ്യക്തിഗത സബ്സിഡി പരിധി ബാധകം. പരമാവധി 10,000/- രൂപാ അനുവദിക്കാം.

26. തലശ്ശേരി നഗരസഭ: തലശ്ശേരി സഹകരണ ആശുപത്രിയിൽ ആംബുലൻസ് പദ്ധതി, ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ എക്സ്റേ യൂണിറ്റ്, സ്വകാര്യമേഖലയിലെ പ്രൈമറി സ്കൂളുകൾക്ക് കിണർ, മൂത്രപ്പുര നിർമ്മാണം, തോടിന് പാർശ്വഭിത്തി കെട്ടൽ, മണ്ണുനീക്കൽ, തോടുപുനരുദ്ധാരണ പദ്ധതി എന്നിവയ്ക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച്:- താലൂക്ക് ആശുപത്രി നഗരസഭക്ക് കൈമാറിയിട്ടുള്ള സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനം മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകണം. അതിനുശേഷം സഹകരണ ആശുപത്രികൾക്ക് ധനസഹായം നൽകുന്നതാവും ഉചിതം. പ്രൈമറി സ്കൂളുകൾക്ക് കിണർ, മൂത്രപ്പുര എന്നിവ അനുവദിക്കുന്നു. തോടിന് പാർശ്വഭിത്തി കെട്ടൽ, മണ്ണു നീക്കൽ, തോടുപുനരുദ്ധാരണ പദ്ധതി എന്നിവ എം.എൽ.ഇ.സിയുടെ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാവുന്നതാണ്.

27. പഴയന്നൂർ ഗ്രാമപ്പഞ്ചായത്ത്: ജൈവവള നിർമ്മാണ പദ്ധതി (ട്രാക്ടർ ട്രയിലർ) അനുവദിക്കുന്നതു സംബന്ധിച്ച്:- കൃഷിവകുപ്പിൻെറ പദ്ധതിയനുസരിച്ച് കൃഷിവകുപ്പിൽ നിന്നും അനുവദിക്കുന്നതിൻെറ ബാക്കി തുക പഞ്ചായത്ത് കണ്ടെത്തേണ്ടതാണ്. ഇതിനായി പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നത് അഭികാമ്യമല്ല.

28. കുത്തിയതോട് ഗ്രാമപ്പഞ്ചായത്ത്: കുളം, തോട് - മണ്ണു നീക്കാൻ സബ്സിഡി, എസ്.സി/എസ്.റ്റി വീടുകളുടെ അറ്റകുറ്റപണി എന്നീ പ്രോജക്ടുകൾ അംഗീകരിക്കുന്നതു സംബന്ധിച്ച്:- എസ്.സി./എസ്.റ്റി വീടുകളുടെ അറ്റകുറ്റപ്പണിക്കുള്ള പ്രോജക്ട് അംഗീകരിക്കുന്നു. മണ്ണ് നീക്കൽ പദ്ധതിക്ക് പ്രത്യേകാനുമതിയില്ല.

29. വെട്ടിക്കവല ബ്ലോക്കു പഞ്ചായത്ത്: കോളനി കേന്ദ്രീകരിച്ചുള്ള സമഗ്രപശ്ചാത്തല വികസന പ്രോജക്ടിന് പ്രത്യേകാനുമതി നല്കുന്നു.

30. നെല്ലിക്കുഴി ഗ്രാമപ്പഞ്ചായത്ത്: മഴക്കുഴി നിർമ്മാണം, ആന്തൂറിയം, കൂൺകൃഷി, പൈനാപ്പിൾ കൃഷി എന്നീ പ്രോജക്ടുകൾ. പ്രത്യേകാനുമതി നൽകുന്നു.

31. തീക്കോയി ഗ്രാമപ്പഞ്ചായത്ത്: പശുവളർത്തൽ, കോഴി വളർത്തൽ, വീട് മെയിൻറനൻസ് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച്:- അനുമതി നല്കുന്നു.

*യോഗത്തിൽ പങ്കെടുത്തവർ*

1. സർവശ്രീ.പാലൊളി മുഹമ്മദുകുട്ടി (തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി)
2. ഡോ: ടി.എം. തോമസ് ഐസക് (ആസൂത്രണബോർഡ് അംഗം)
3. എസ്.എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്)
4. ഡോ കെ.എം. എബ്രഹാം (സെക്രട്ടറി, ധനകാര്യവകുപ്പ്)
5. അമിതാഭ് കാന്ത് (സെക്രട്ടറി, ഗ്രാമവികസന വകുപ്പ്)
6. കെ.എൻ. കുറുപ്പ് (സെക്രട്ടറി, ആസൂത്രണ വകുപ്പ്)
7. പി. കമാൽകുട്ടി (പഞ്ചായത്ത് ഡയറക്ടർ)
8. എസ്. പരമേശ്വരൻ നായർ (മുനിസിപ്പൽ ഡയറക്ടർ)
9. വി.ശിശുപാലൻ (അഡീഷണൽ ഡെവലപ്മെൻറ് കമ്മീഷണർ)
10. എച്ച്.കെ. പിഷാരടി (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
11. ഡോ. ജോയ് ഇളമൺ (ക്യാമ്പയിൻ സെൽ)
12. എൻ. ജഗജീവൻ (ക്യാമ്പയിൻ സെൽ)
13. വി.ജി. മനമോഹൻ (ക്യാമ്പയിൻ സെൽ)

# ജനകീയാസൂത്രണ പ്രസ്ഥാനം

*(10-2-99 രാവിലെ 8.30 ന് ബഹു: തദ്ദേശഭരണവകുപ്പു മന്ത്രിയുടെ അധ്യക്ഷതയിൽ, കവടിയാർഹൗസിൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനങ്ങൾ)*

1. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിലെ അസി:എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സസ്പെൻഷനെതുടർന്ന്, പൂർത്തിയായ മരാമത്ത് പണികളുടെ ചെക്ക്മെഷർമെൻറ് എടുക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നതിനാൽ പൂർത്തിയായ പണികളുടെ പണം നൽകുന്നതിനാവശ്യമായ നടപടികൾ പൂർത്തിയാക്കുന്നതിനായി എഞ്ചിനീയർമാരുടെ ഒരു സംസ്ഥാനതല സംഘത്തെ നിയോഗിക്കുന്നതിന് തീരുമാനിച്ചു.

   *നടപടി: തദ്ദേശഭരണവകുപ്പ്*

2. ഇടുക്കി, ബ്ലോക്കു പഞ്ചായത്തിൻെറ നിർദ്ദിഷ്ട പഠനയാത്രാപരിപാടി റദ്ദാക്കിക്കൊണ്ട് ഉത്തരവ് നൽകണം. അതോടൊപ്പം മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച പഠനയാത്രാ പരിപാടിയെക്കുറിച്ച് അടിയന്തിര അന്വേഷണം നടത്തുന്നതിന് ശ്രീ.റ്റി.കെ.ജോസ് (ഡയറക്ടർ, കുടുംബശ്രീ)നെ ചുമതലപ്പെടുത്തണം.

   *നടപടി: തദ്ദേശഭരണവകുപ്പ്*

3. ജനകീയാസൂത്രണത്തിൻെറ ഭാഗമായി സംസ്ഥാനത്തിൻെറ വിവധഭാഗങ്ങളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികൾ പരിശോധിക്കുന്നതിനായി സീനിയർ എഞ്ചിനീയർമാർ അടങ്ങിയ ഒരു സംസ്ഥാനതല ടീം രൂപീകരിക്കണം. തുടക്കത്തിൽ 15 പേർ അടങ്ങുന്ന ടീം പിന്നീട് വിപുലീകരിക്കേണ്ടതാണ്.

   *നടപടി: തദ്ദേശഭരണവകുപ്പ്*

4. 98-99 ലെ വർഷാന്ത്യകണക്കുകൾ സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവ ശേഖരിക്കുന്നതിന് ഡയറക്ടർമാരെ ചുമതലപ്പെടുത്തി.

   *നടപടി: പഞ്ചായത്ത് ഡയറക്ടർ/മുനിസിപ്പൽ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ*

5. മൂന്നാം ഗഡു അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണം.

   *നടപടി: ധനകാര്യവകുപ്പ്*

6. ജില്ലാ പഞ്ചായത്തുകൾക്കുള്ള മൂന്നാംഗഡു പദ്ധതി വിഹിതം നൽകുന്നതിന്മുമ്പ് അവരുടെ കഴിഞ്ഞ വർഷത്തേ പദ്ധതി വിഹിതം ചെലവഴിച്ചത് സംബന്ധിച്ച പരിശോധന നടത്തി ചെലവായി പരിഗണിക്കാനാവാത്ത തുക നിശ്ചയിക്കണം. ഇതിനായി ചെലവ് പരിശോധിക്കുന്നതിനുള്ള സംസ്ഥാനതലകമ്മിറ്റി 15-ാം തീയതി മുതൽ എല്ലാ ദിവസവും വൈകുന്നേരം 6 മണിക്ക് ശേഷം യോഗം ചേരാവുന്നതാണ്.

   *നടപടി: തദ്ദേശഭരണവകുപ്പ്/ധനകാര്യ വകുപ്പ്*

7. പഞ്ചായത്തുകൾക്കുള്ള അവാർഡ്: ഒരു വർഷം അവാർഡ് ലഭിക്കുന്നവരെ അടുത്ത രണ്ട് വർഷത്തേക്ക് അവാർഡിനായി പരിഗണിക്കേണ്ടതില്ല. എന്നാൽ ഓരോ വർഷവും മുമ്പിൽ എത്തുന്ന രണ്ടോ മൂന്നോ പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു 'റോൾ ഓഫ് ഓണർ' പ്രസിദ്ധീകരിക്കാവുന്നതാണ്. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്ന പഞ്ചായത്തുകൾക്ക് ഇൻസെൻറീവ് നൽകുന്നതിനായി മാറ്റിവച്ചിട്ടുള്ള പണം കഴിഞ്ഞവർഷവും ഈ വർഷവും ജില്ലാ/സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്ത് എത്തിയ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

   *നടപടി: തദ്ദേശഭരണവകുപ്പ്*

8. അങ്കണവാടികളിൽ പോഷകാഹാരവിതരണം മുടങ്ങിയതായി പരാതി ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തണം. - അട്ടപ്പാടി പ്രത്യേകം അന്വേഷണം വേണം. സാമൂഹ്യക്ഷേമ വകുപ്പിൽ പോഷകാഹാര വിതരണത്തിനായി ബാക്കിയുള്ള നോൺപ്ലാൻ ഫണ്ട് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമായി നൽകുവാൻ നടപടി സ്വീകരിക്കണം.

   *നടപടി: തദ്ദേശഭരണ വകുപ്പ്/ധനകാര്യവുകുപ്പ്*

9. വിവിധ വകുപ്പുകളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള ഉദ്യോഗസ്ഥരുടെ നിയന്ത്രണം സംബന്ധിച്ച് സെൽകമ്മിറ്റി ശുപാർശകൾക്ക് വിരുദ്ധമായി ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇതിനാവശ്യമായ നോട്ട് തയ്യാറാക്കി ക്യാബിനറ്റിൽ സമർപ്പിക്കണം.

   *നടപടി: തദ്ദേശഭരണ വകുപ്പ്.*

10. ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾക്ക് ആസ്തികൾക്ക് വാങ്ങുന്നതിനുള്ള സഹായം പദ്ധതി വിഹിതത്തിൽ നിന്നും നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കണം. ഇതിനായി ലേബർ കോൺട്രാക്ട് സംഘങ്ങളുടെ നിയമാവലികൾ പരിശോധിച്ച് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇതിനായി സഹകരണ സംഘം രജിസ്ട്രേറ്റുമായി ചർച്ചചെയ്യണം.

*നടപടി: ആസൂത്രണബോർഡ്*

11. ടാർവിലയിൽ വർദ്ധവുമ്ടായിട്ടുള്ളതിനാൽ നിലവിലുള്ള PWD നിരക്കിൽ നിന്നും ഗുണഭോക്തൃകമ്മിറ്റികൾക്ക് അനുവദിക്കാവുന്ന അധിക ശതമാനം പുതുക്കി നിശ്ചയിക്കണം.

*നടപടി: തദ്ദേശഭരണവകുപ്പ്*

12. ഗുണഭോക്തൃകമ്മിറ്റികൾക്കും, കരാറുകാർക്കും നിർമ്മാണ പ്രവർത്തിക്കുള്ള സാധനസാമഗ്രികൾ വാങ്ങി നൽകുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ തന്നെ ഊന്നിപ്പറയുന്ന വിശദീകരണ സർക്കുലർ പുറപ്പെടുവിക്കണം.

*നടപടി: മുനിസിപ്പൽഡയറക്ടർ*

13. *പ്രത്യേകാനുമതിക്കായി ലഭിച്ച പ്രോജക്ടുകൾ*

1) ചോറ്റാനിക്കര ഗ്രാമപഞ്ചായത്ത്: പദ്ധതി ആസൂത്രണ നിർവഹണ പ്രോജക്ടിന് പ്രത്യേകാനുമതി നൽകുന്നു. കേരളോത്സവത്തിന് പ്രത്യേകാനുമതി നൽകുന്നില്ല.

2) കൊടകര ഗ്രാമപഞ്ചായത്ത്: ഒരു ഗഡു പദ്ധതിവിഹിതം നഷ്ടപ്പെട്ടത് സംബന്ധിച്ച അപേക്ഷ:- നഷ്ടപ്പെട്ട ഗഡു അനുവദിക്കുന്നില്ല. പരാതി സംബന്ധിച്ച് DPCയുടെ റിപ്പോർട്ടിനായി അയക്കുക.

3) വെളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്: വിൽബാരോ നൽകുന്ന പ്രോജക്ട്:- വിൽബാരോയുടെ വില അന്വേഷിച്ച് അടുത്ത കമ്മിറ്റിക്ക് സമർപ്പിക്കണം.

4) ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്: ജീപ്പു ട്രെയിലർ:- നിലവിൽ വേറെ വാഹനം ഇല്ലെങ്കിൽ മാത്രം അനുവാദം നൽകാം - മേൽ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കണം.

5) തുറവൂർ ഗ്രാമപഞ്ചായത്ത്: ലക്ഷം വീടിനു പുറത്തുള്ള പട്ടികജാതിക്കാരുടെ വീടു് റിപ്പയർ പദ്ധതിക്ക് അനുമതി നൽകുന്നു.

6) മുതലമടഗ്രാമപഞ്ചായത്ത്: സഞ്ചരിക്കുന്ന ആശുപത്രിയുടെ ആവർത്തനചെലവുകൾക്ക് ഒരു വർഷത്തേക്ക് മാത്രം പ്രത്യേകാനുമതി നൽകുന്നു. തുടർന്നുള്ള വർഷങ്ങളിൽ ആവർത്തനചെലവുകൾക്ക് പദ്ധതി വിഹിതം ഉപയോഗിക്കുവാനാവില്ല.

7) തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്: മരംനടീൽ പ്രോജക്ടിന് അനുമതി നൽകുന്നു. ക്ഷീരകർഷകർക്ക് ബോണസ് അംഗീകരിക്കുന്നില്ല.

8) ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്: ഗ്രാമസഭതെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് സഹകരണ സംഘം വഴി റാട്ടുകൾ വാങ്ങി നൽകാം. സംഘങ്ങൾക്കു് റാട്ടുകൾ വാങ്ങി നൽകുകയോ, നിശ്ചിതഎണ്ണം റാട്ടുകൾക്കുള്ള തുക സംഘത്തിന് നൽകുകയോ ചെയ്യാൻ അനുമതി നൽകുന്നു.

9) വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്: സമഗ്ര കോളനി വകസന പ്രോജക്ടിനുള്ള ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

10) മുതുകുളം ബ്ലോക്ക് പഞ്ചായത്ത്: അംഗണവാടി കെട്ടിട നിർമ്മാണ പ്രോജക്ടിന് അംഗീകാരം നൽകുന്നു.

11) പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്: പശ്ചാത്തല മേഖലയിൽ കഴിഞ്ഞവർഷം അധികമായി ചെലവഴിച്ച തുക 98-99, 99-2000 വർഷങ്ങളിലായി ക്രമീകരിക്കുവാൻ അനുവാദം നൽകാവുന്നതാണ്.

12) ആലങ്ങാടു് ലേബർ കോൺട്രാക്ട്സഹ:സംഘം: ലേബർ കോൺട്രാക്ട് സഹകരണസംഘത്തേ ഗുണഭോക്തൃ സമിതിയെപ്പോലെ പരിഗണിക്കാനാവില്ല.

13) ചാവക്കാട് നഗരസഭ: ഖരമാലിന്യ സംസ്കരണ-വളം നിർമ്മാണ പ്രോജക്ട്:- വിശദമായ പ്രോജക്ട് റിപ്പോർട്ട് അവശ്യപ്പെടുക.

14) എലത്തൂർ ഗ്രാമപഞ്ചായത്ത്: കല്ലുമ്മക്കായ തൊഴിലാളികൾക്ക് ഫൈബർ വള്ളം, ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും, പട്ടികജാതിക്കാർക്ക് ഓട്ടോറിക്ഷ എന്നീ പ്രോജക്ടുകൾക്കും അംഗീകാരം നൽകുന്നു. വള്ളവും വലയും നൽകുന്നതിനുള്ള സബ്സിഡി NCDC നിരക്ക് പ്രകാരമായിരിക്കണം.

15) പന്തലായിനി ബ്ലോക്ക് പഞ്ചായത്ത്: പട്ടിജാതിക്കാർക്കുള്ള ഭവന നിർമ്മാണ സഹായ പദ്ധതി അംഗീകരിക്കുന്നു. വിദ്യാലയങ്ങൾക്ക് ദൃശ്യശ്രാവ്യ ഉപകരണങ്ങൾ പദ്ധതി അംഗീകരിക്കുന്നു. ബ്ലോക്കിൽ കാസറ്റ് ലൈബ്രറിക്ക് അംഗീകാരം നൽകുന്നില്ല. IRDP സഹായം ലഭിച്ച വനിതകളുടെ സംഘം - തത്വത്തിൽ അംഗീകരിക്കുന്നു. ധനകാര്യവിശകലനം പുനപരിശോധിക്കണം.

16) പാലക്കാട് ജില്ലാ കളക്ടർ അയച്ചു തന്നിട്ടുള്ള ജില്ലാപഞ്ചായത്തിന്റെ 21 പ്രോജക്ടുകൾ തദ്ദേശഭരണ വകുപ്പ് സെക്രട്ടറി പരിശോധിച്ച് മറുപടി നൽകിയാൽ മതിയാകും.

*യോഗത്തിൽ പങ്കെടുത്തവർ*

1. സർവശ്രീ.പാലൊളി മുഹമ്മദുകുട്ടി (തദ്ദേശഭരണവകുപ്പു മന്ത്രി)
2. ഡോ: ടി.എം. തോമസ് ഐസക് (ആസൂത്രണബോർഡ് അംഗം)
3. ഇ.എം.ശ്രീധരൻ (ആസൂത്രണബോർഡ് അംഗം)
4. എസ്.എം. വിജയാനന്ദ് (സെക്രട്ടറി, തദ്ദേശഭരണവകുപ്പ്)
5. ഡോ: കെ.എം. എബ്രഹാം (സെക്രട്ടറി, ധനകാര്യവകുപ്പ്)
6. കെ.എൻ. കുറുപ്പ് (സെക്രട്ടറി, ആസൂത്രണ വകുപ്പ്)
7. പി. കമാൽകുട്ടി (പഞ്ചായത്ത് ഡയറക്ടർ)
8. എസ്. പരമേശ്വരൻ നായർ (മുനിസിപ്പൽ ഡയറക്ടർ)
9. എച്ച്.കെ.പിഷാരടി (തദ്ദേശഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി)
10. ഡോ. ജോയ് ഇളമൺ (ക്യാമ്പയിൻ സെൽ)
11. എൻ. ജഗജീവൻ (ക്യാമ്പയിൻ സെൽ)
12. വി.ജി. മനമോഹൻ (ക്യാമ്പയിൻ സെൽ)